VOL NO: 03 | ISSUE 43

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 OCTOBER 26 | ₹12

### വിശേഷബുദ്ധി വിഫലമാക്കാനുള്ളതല്ല

മനുഷ്യൻ എത്രയധികം വിജ്ഞാനവും കഴിവുകളും നേടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മഹാ പ്രപഞ്ചത്തിലെ ഒരു ചെറിയ ജീവി മാത്രമാണവൻ. എന്നാൽ മറ്റു ജീവികളെക്കാൾ മനുഷ്യനൊരു സവിശേഷതയുണ്ട്. അതാണ് വിശേഷ ബുദ്ധി. അറിവുകൾ അഹങ്കാരമില്ലാത്ത ജനങ്ങൾക്ക് ദൈവവിശ്വാസം വർധിപ്പിക്കുകയാണ് ചെയ്യുക. വിനയവും വിജ്ഞാനവും ഉള്ളവർക്കേ അല്ലാഹുവിനെ ശരിയായി മനസ്സിലാക്കുവാൻ കഴിയൂ.

## കുറ്റകൃത്യങ്ങളും മാധ്യമ അത്യുക്തിയും

ത്രേ...

സെൻസേഷണൽ വാർത്തകൾക്കായി കുറ്റകൃത്യങ്ങൾ ആഘോഷിക്കുന്ന പ്രവണത മലയാള പത്രപ്രവർത്തനരംഗത്തും സജീവമാവുകയാണ്. പ്രതികളുടെയും പ്രതിസ്ഥാനത്ത് ആരോപിക്കുന്നവരുടെയും ആത്മാഭിമാനത്തെ പൊതുജനമധ്യത്തിൽ വിചാരണ ചെയ്യുന്ന സമീപനം എന്ത് മാധ്യമ നൈതികതയുടെ പേരിലായാലും നീതീകരിക്കത്തക്കതല്ല തന്നെ.

|| പ്രലോഭനങ്ങളെ പ്രതിരോധിക്കുക

|| ഭരണവും നേതൃത്വവും ഉത്തരവാദിത്തമാണ്

|| പ്രാർഥന: സ്വർഗത്തിലേക്ക് തുറക്കുന്ന വാതിൽ

Let's scaffold to survive

Relief
.......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635


Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

നേർപഥം
വാരിക

0145 / 2019 ഒക്ടോബർ 26 / 1441 സഫർ 27 / പുസ്തകം 3 / ലക്കം 43



# കുറ്റകൃത്യങ്ങളും മാധ്യമ അത്യുക്തിയും

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
വിശേഷബുദ്ധി വിഫലമാക്കാനുള്ളതല്ല / 05
എഡിറ്റർ

**ലേഖനം**
പ്രാർഥന: സ്വർഗത്തിലേക്ക് തുറക്കുന്ന വാതിൽ / 07
അബൂ ഇഹ്‌സാൻ
ഭരണവും നേതൃത്വവും ഉത്തരവാദിത്തമാണ് / 18
ഹുസൈൻ ഇബ്‌നു അബ്ദുൽ അസീസ് ആലുശൈഖ്

**വിമർശനം**
സമസ്തയുടെ വക ദുശ്ശകുനത്തിൽനിന്ന് മുഹർറത്തിന് മോചനം / 15
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**
മആരിജ് (കയറുന്ന വഴികൾ) / 23
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**ജാലകം**
വിജയിക്കുന്നവർ വിരളം / 26
അബൂതൻവീൽ

**ഹദീസ് പാഠം**
മൂന്ന് സദ്ഗുണങ്ങൾ / 27
അബൂഫായിദ

**കൂട്ടായ്മ**
പ്രലോഭനങ്ങളെ പ്രതിരോധിക്കുക / 28
ടി.കെ അശ്‌റഫ്

**പുനർവായന**
മാറ്റത്തിന്റെ കാറ്റ് / 30
പി.വി ഉമർകുട്ടി ഹാജി (റഹി)

**കാഴ്ച**
പുഞ്ചിരിക്കുക; സർവരോടും / 34
സലാം സുറുമ എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



# മൂടുപടവും മുസ്‌ലിം സ്ത്രീയും

'മതമല്ല, മതമല്ല, മതമല്ല പ്രശ്നം
എരിയുന്ന വയറിലെ തീയാണ് പ്രശ്നം
ഏതു മതക്കാരനാകിലും കൂട്ടരേ
എങ്ങനെ ജീവിയ്ക്കുമെന്നതാണ് പ്രശ്നം
നെറ്റിയിൽ ചന്ദനം ചാർത്തുന്ന ഹിന്ദുവും
നിത്യം നമസ്കരിച്ചീടും മുസൽമാനും
എന്നും കുരിശുവരയ്ക്കുന്ന ക്രിസ്ത്യനും
ചങ്കിലെ ചോര ചുവപ്പുതന്നെ...'

ഈ മുദ്രാവാക്യം വിളിച്ചവർ മതങ്ങളെ തെരുവിലും പേജിലും പരിഹസിക്കാൻ മത്സരിക്കുന്ന കാഴ്ചകളാണ് സമീപ കാലത്ത് കേരളം കണ്ടുകൊണ്ടിരിക്കുന്നത്.

മുസ്‌ലിം സമൂഹത്തെ പരിഹസിക്കാൻ വേണ്ടിയുള്ള 'കിതാബ്' എന്ന നാടകവും സ്ത്രീകൾ മാന്യമായി വേഷം ധരിക്കണം എന്ന് പ്രസംഗിച്ച ഫറോക് കോളേജിലെ അധ്യാപകന്റെ പ്രസംഗത്തെ വളച്ചൊടിച്ച് മാറിടം തുറന്നു കാണിക്കാൻ സ്ത്രീകൾക്ക് അവകാശമുണ്ടെന്ന് പറഞ്ഞ് നടത്തിയ വത്തക്ക സമരവുമൊന്നും കേരളം മറന്നിട്ടില്ല.

തങ്ങൾക്ക് ആവശ്യമുണ്ടാകുമ്പോൾ പർദ എന്ന വസ്ത്രം ധരിപ്പിച്ച് പെണ്ണിനെ റോഡിൽ അണിനിരത്താൻ ശ്രമിക്കുന്നവർ, പാർട്ടി റാലികളിലും മറ്റും തലമറക്കുന്ന പെണ്ണിനെ മുന്നിൽ കൊണ്ട് നടക്കുന്നവർ... തരം കിട്ടുമ്പോൾ തിരിഞ്ഞുകൊത്തുകയാണ്.

ഇസ്‌ലാമിക അധ്യാപനങ്ങൾ അറിയാതെയും പഠിക്കാതെയും പരിഹസിച്ച് കഥയും കവിതയുമെഴുതി ഒരു വിഭാഗത്തിന്റെ ചങ്കിൽ കുത്തുന്നത് നിങ്ങൾക്ക് ഹരമാണെന്ന് കേരളം തിരിച്ചറിയുന്നുണ്ട്. ഇസ്‌ലാം സ്ത്രീയ്ക്ക് നൽകിയ മാന്യത ലോകത്തൊരു മതവും നൽകിയിട്ടില്ല എന്നത് ചരിത്രം തെളിയിച്ചതാണ്. മുസ്‌ലിം സ്ത്രീയെ ഇസ്‌ലാമിക വസ്ത്രധാരണ രീതിയിൽ നിന്ന് പുറത്ത് കൊണ്ടുവരിക എന്നത് ചിലരുടെ സ്വപ്നമാണ്. ഇന്ന് പെണ്ണിന്റെ വസ്ത്രം തീരുമാനിക്കുന്നത് മുതലാളിത്തമാണ്. പൊതുസമൂഹത്തിന് മുന്നിൽ തന്റെ നഗ്നത പാതിയും പൂർണമായും വെളിവാക്കി നടക്കലാണ് സ്വാതന്ത്ര്യം എന്ന് അഭിപ്രായമുണ്ടെങ്കിൽ ഇസ്‌ലാം ശക്തമായി അതിനെ എതിർക്കുന്നു. മുസ്‌ലിം സ്ത്രീകൾ എങ്ങനെയുള്ള വേഷം ധരിക്കണം എന്ന് തീരുമാനിക്കേണ്ടത് അവരാണ്; അവർ തീരുമാനിക്കുന്നതാകട്ടെ പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുമാണ്. അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. നിങ്ങൾക്ക് നിങ്ങളുടെ വഴിക്ക് നീങ്ങാമല്ലോ.

മുസ്‌ലിം സഹോദരിമാരേ, പ്രാകൃത വേഷമെന്ന് പരിഹസിക്കപ്പെടുന്ന നിങ്ങളുടെ ഈ മൂടുപടം തന്നെ ധരിച്ചുകൊണ്ട്, പെണ്ണിന് സ്വാതന്ത്ര്യം നൽകുന്നില്ല എന്ന് പറയുന്നവരുടെ മുമ്പിൽ നിവർന്നു നിന്ന് ഇസ്‌ലാം എനിക്ക് നൽകിയ ഏറ്റവും വലിയ അവകാശവും സ്വാതന്ത്ര്യവും എന്റെ വസ്ത്രമാണ് എന്ന് പറയാൻ നിങ്ങൾക്ക് സാധിക്കണം.

വിശുദ്ധ ക്വുർആൻ പറഞ്ഞു: "നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളായ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ (ജലാബീബ്) തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നുവനും കരുണാനിധിയുമാകുന്നു" (33:59).

**-സമീർ മുണ്ടേരി**

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വിശേഷബുദ്ധി വിഫലമാക്കാനുള്ളതല്ല

മനുഷ്യൻ എത്രയധികം വിജ്ഞാനവും കഴിവുകളും നേടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മഹാ പ്രപഞ്ചത്തിലെ ഒരു ചെറിയ ജീവി മാത്രമാണവൻ. എന്നാൽ മറ്റു ജീവികളെക്കാൾ മനുഷ്യനൊരു സവിശേഷതയുണ്ട്. അതാണ് വിശേഷ ബുദ്ധി. ഈ ബുദ്ധി ഉപയോഗിച്ചുകൊണ്ട് മനുഷ്യൻ പലതും കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ഈ ഭൂമിയിലുള്ള വസ്തുക്കളിൽ രൂപമാറ്റം വരുത്തുവാനല്ലാതെ പുതുതായി ലോകത്ത് എന്തെങ്കിലും സൃഷ്ടിക്കുവാൻ മനുഷ്യർക്ക് കഴിയില്ല. ഈ പ്രപഞ്ചത്തിൽ അല്ലാഹു സൃഷ്ടിച്ചുവെച്ച പലതരത്തിലുള്ള അത്ഭുതങ്ങളും മനുഷ്യൻ ചിന്തിച്ചു പഠിച്ച് അൽപാൽപമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു എന്നു മാത്രം. ഇതിനാണ് ശാസ്ത്രീയ നേട്ടങ്ങൾ എന്നു പറയുന്നത്.

ഇത്തരം അറിവുകൾ അഹങ്കാരമില്ലാത്ത ജനങ്ങൾക്ക് ദൈവവിശ്വാസം വർധിപ്പിക്കുകയാണ് ചെയ്യുക. അല്ലാഹു പറയുന്നു:

“തീർച്ചയായും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും ബുദ്ധിയുള്ളവർക്കു പല ദൃഷ്ടാന്തങ്ങളുമുണ്ട്. അതായത് നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ ഓർമിക്കുന്നവർക്കും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുന്നവർക്കും. ഞങ്ങളുടെ രക്ഷിതാവേ, ഇതൊന്നും നീ വെറുതെ പടച്ചതല്ല. നീ മഹാ പരിശുദ്ധൻ തന്നെ. അതിനാൽ ഞങ്ങളെ നീ നരക ശിക്ഷയിൽനിന്നും കാത്തു രക്ഷിക്കേണമേ എന്ന് അവർ പറയും”. (3:190,191)

വിനയവും വിജ്ഞാനവും ഉള്ളവർക്കേ അല്ലാഹുവിനെ ശരിയായി മനസ്സിലാക്കുവാൻ കഴിയൂ. നമ്മെ സൃഷ്ടിച്ചുണ്ടാക്കിയ പോലെ അവൻ നമ്മെ മരിപ്പിക്കും. ശേഷം അവൻ നമ്മെ പുനരുജ്ജീവിപ്പിക്കും. അങ്ങനെ നന്മ ചെയ്തവർക്ക് അതിന്റെ പ്രതിഫലവും തിന്മ ചെയ്തവർക്ക് അതിന്റെ ഫലവും ലഭിക്കും. അതിനാൽ നാമെല്ലാവരും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടും അവനെയും അവൻെറ റസൂലിനെയും അനുസരിച്ചു കൊണ്ടും ജീവിക്കേണ്ടതുണ്ട്. ഇതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന അടിസ്ഥാന പാഠം.

എന്നാൽ എല്ലാവിധ മാനുഷികമായ ഉത്തരവാദിത്തങ്ങളിൽ നിന്നും ഒളിച്ചോടി, കേവലം ആത്മീയ ജീവിയായി കാലം തള്ളിനീക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല. അധ്വാനിക്കണം, കുടുംബ ജീവിതം നയിക്കണം, സ്രഷ്ടാവിനോടുള്ള കടമകൾ നിർവഹിക്കുന്നതോടൊപ്പം സഹജീവികളോടുള്ള കടമയും നിറവേറ്റണം. എന്നാൽ അത്യന്തിക ലക്ഷ്യം ഐഹികവിഭവ സമാഹരണവും സുഖാസ്വാദനവുമായിരിക്കരുത്. മരണത്തെ മറന്നുകൊണ്ട് ഭൗതിക ജീവിതത്തോട് അത്യാസക്തി കാണിക്കുന്നത് ഇസ്‌ലാം വെറുക്കുന്നു. സ്രഷ്ടാവ് നൽകിയ ഏതേത് അനുഗ്രഹങ്ങളുണ്ടോ അതുകൊണ്ടെല്ലാം സ്രഷ്ടാവിന്റെ പ്രീതി സമ്പാദിക്കാനാണ് മനുഷ്യൻ പരിശ്രമിക്കേണ്ടത്. അല്ലാഹു പറയുന്നു:

“അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹിക ജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതു പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല” (28:77).

സ്രഷ്ടാവിന്റെ ആജ്ഞാ നിർദേശങ്ങൾ മുഴുവനും അനുസരിക്കാൻ മനുഷ്യൻ പ്രതിജ്ഞാബദ്ധനാണ്. മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നതാണ്. അല്ലാഹു പറയുന്നു:

“ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ” (2:21).

“അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും” (10:106).

അബൂ ഇഹ്സാൻ
mail@nerpatham.com

ലേഖനം



# പ്രാർഥന: സ്വർഗത്തിലേക്ക് തുറക്കുന്ന വാതിൽ

സ്വർഗം കൊതിക്കുന്നവർ അല്ലാഹുവിനോടല്ലാതെ പ്രാർഥിക്കുകയില്ല. അവനിലേക്കല്ലാതെ കൈകളുയർത്തുകയില്ല. സ്വർഗത്തിൽ പ്രവേശിച്ച ശേഷം അവർതന്നെ പറയുന്നത് ശ്രദ്ധിക്കുക:

“പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും. അവർ പറയും: തീർച്ചയായും നാം മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കുമ്പോൾ ഭയഭക്തിയുള്ളവരായിരുന്നു. അതിനാൽ അല്ലാഹു നമുക്ക് അനുഗ്രഹം നൽകുകയും രോമകൂപങ്ങളിൽ തുളച്ചുകയറുന്ന നരകാഗ്നിയുടെ ശിക്ഷയിൽ നിന്ന് അവൻ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്തു. തീർച്ചയായും നാം മുമ്പേ അവനോട് പ്രാർഥിക്കുന്നവരായിരുന്നു. തീർച്ചയായും അവൻ തന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും’’ (ക്വുർആൻ 52:25-28).

ഒരിക്കലും മരണമില്ലാത്ത, എന്നെന്നും ജീവിച്ചിരിക്കുന്നവനായ അല്ലാഹുവിനോട് മാത്രമെ ഇവർ പ്രാർഥിക്കുകയുള്ളൂ. അല്ലാഹു ഇവരെക്കുറിച്ച് പറയുന്നു:

"ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും. എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല" (ക്വുർആൻ 32:16-17).

എന്തുകൊണ്ട് പ്രാർഥന അല്ലാഹുവോട് മാത്രം? എന്തുകൊണ്ട് അവനിലേക്ക് മാത്രം കൈകളുയർത്തണം? എന്തുകൊണ്ട് അവന്റെ മുമ്പിൽ മാത്രം സാഷ്ടാംഗം ചെയ്യണം? സമൂഹം ഈ വിഷയത്തിൽ വ്യതിചലിച്ച് പോയിട്ടുണ്ടെങ്കിലും സത്യം അറിയാനാഗ്രഹിക്കുന്നവർക്ക് അല്ലാഹു ക്വുർആനിലൂടെ നൽകുന്ന മറുപടികൾ എത്രയോ മതിയായതാണ്.

1). പ്രാർഥിക്കണമെന്നും അത് എന്നോട് തന്നെ ആകണമെന്നും നമ്മോട് കൽപിച്ചത് അല്ലാഹുവാണ്:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

"താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധിവിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല" (ക്വുർആൻ 7:55).

അല്ലാഹുവോട് മാത്രം പ്രാർഥിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നബിﷺ പറയുന്നു: "ഉത്തരംകിട്ടുമെന്ന ഉറച്ച വിശ്വാസത്തോടെ നിങ്ങൾ അല്ലാഹുവോട് പ്രാർഥിക്കുക" (സിൽസിലതുസ്സ്വഹീഹ: 594).

"സംഭവിച്ചതിനും സംഭവിച്ചിട്ടില്ലാത്തതിനും പ്രാർഥന ഫലം ചെയ്യും. അതിനാൽ നിങ്ങൾ പ്രാർഥിക്കുക" (സ്വഹീഹുൽ ജാമിഅ്: 3403).

2). പ്രാർഥനക്കുത്തരം തരാമെന്നേറ്റവൻ അല്ലാഹു മാത്രമാണ്:

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (ക്വുർആൻ 2:186).

3). ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് പ്രാർഥന. ആരാധനയുടെ ഇനത്തിൽപെട്ട ഒന്നും അല്ലാഹുവിനോടല്ലാതെ പാടില്ല:

നബിﷺ പറയുന്നു: "പ്രാർഥന; അതുതന്നെയാണ് ആരാധന" (സ്വഹീഹുൽ ജാമിഅ് 3401). ശേഷം നബിﷺ ഈ ആയത്ത് പാരായണം ചെയ്തു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

ഈ വചനത്തിൽ പ്രാർഥനയെയാണ് അല്ലാഹു ആരാധനയായി പറഞ്ഞത്. മാത്രമല്ല നബിﷺ പറഞ്ഞു: "പ്രാർഥനയാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന" (സിൽസിലതുസ്സ്വഹീഹ 1579).

"പ്രാർഥനയെക്കാൾ ആദരണീയമായ മറ്റൊന്ന് അല്ലാഹുവിന്റെ അടുക്കലില്ല" (തിർമിദി 2284).

"പ്രാർഥനയിൽ ന്യൂനത വരുത്തിയവനാണ് ഏറ്റവും വലിയ ന്യൂനതക്കാരൻ" (സിൽസിതുസ്സ്വഹീഹ 601).

4). അല്ലാഹുവോട് പ്രാർഥിക്കാത്ത പക്ഷം അവൻ കോപിക്കും. ആരാധിക്കപ്പെടുന്ന വസ്തുക്കളും വ്യക്തികളും അനേകമുണ്ടെങ്കിലും ഈ സ്വഭാവം അല്ലാഹുവിന് മാത്രമേയുള്ളൂ. അടിമ തന്നോട് ചോദിക്കുന്നതും അവർക്ക് ഉ

**ചെയ്ത സൽകർമങ്ങൾ മുൻനിർത്തി നാം ചെയ്യുന്ന പ്രാർഥനകൾ കൂടുതൽ സ്വീകാര്യതക്ക് കാരണമാണ്. ഹറാമായ സമ്പാദ്യംകൊണ്ട് ജീവിതം നയിക്കുന്നവൻ എത്ര പ്രാർഥിച്ചാലും അത് നിഷ്ഫലമായിരിക്കും. അതിനാൽ ഹലാലായ മാർഗത്തിൽ സമ്പാദിച്ച് ഹലാലായത് തിന്നും കുടിച്ചും ധരിച്ചും ജീവിക്കുക. പ്രാർഥന സ്വീകരിക്കപ്പെടും. സ്വർഗം ലക്ഷ്യമാക്കി നീങ്ങുന്ന നമ്മൾ ഒരിക്കലും പ്രാർഥനയെ നിസ്സാരമായി കാണരുത്. തന്റെ ദുർബലതയും ഇല്ലായ്മയും വിനയവുമെല്ലാം സർവശക്തന്റെ മുമ്പിൽ പ്രകടമാക്കുന്ന, തുറന്നു പറയുന്ന ഭവ്യതയുടെ പ്രകടരൂപമാണ് പ്രാർഥന. പ്രാർഥനയില്ലായെങ്കിൽ അല്ലാഹു നമ്മെ പരിഗണിക്കുകയേയില്ല എന്ന് ക്വുർആൻ നമ്മെ അറിയിക്കുന്നത് നാം ഗൗരവത്തിൽ കാണുകതന്നെ വേണം.**



ത്തരം നൽകുന്നതും അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്: "അല്ലാഹുവിനോട് വല്ലവനും ചോദിച്ചില്ലെങ്കിൽ അല്ലാഹു അവനോട് കോപിക്കും" (തിർമിദി 2686).

രാവും പകലും അല്ലാഹുവോട് ചോദിച്ചുകൊണ്ടിരിക്കുക. അവൻ കോപിക്കുകയില്ല. മനുഷ്യരോട് ഒരുതവണ ചോദിച്ച് വീണ്ടും ആവർത്തിച്ചാൽ അവൻ കോപിക്കും. വാതിൽ കൊട്ടിയടക്കും. എന്നാൽ അല്ലാഹു വാതിൽ തുറന്നിട്ടിരിക്കുകയാണ്; തൗബ സ്വീകരിക്കാൻ, മാപ്പ് കൊടുക്കാൻ, പ്രാർഥനക്കുത്തരം നൽകാൻ.

5). അല്ലാഹു മാത്രമാണ് ധന്യൻ. അവന്റെ ഖജനാവിലുള്ളത് അവസാനിക്കുകയില്ല. അവൻ നൽകാൻ തയാറുള്ളവനുമാണ്. മനുഷ്യർ (അവർ ആരോ ആകട്ടെ) ഒന്നുംതന്നെ ഉടമപ്പെടുത്തുന്നില്ല. ദരിദ്രരാണവർ. സ്വയം നിലനിൽപില്ലാത്തവരാണവർ. നൽകാൻ കഴിയാത്തവരാണവർ. പ്രാർഥന കേൾക്കാൻ അവരെക്കൊണ്ടാവില്ല.

"മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു" (ക്വുർആൻ 35:15).

"രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധി വരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ക്വുർആൻ 35:13,14).

അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ സ്വർഗക്കാരുടെ ഈ ലോകത്തെ സവിശേഷതകൾ എടുത്തു പറയുന്നേടത്ത് ഇങ്ങനെ കാണാം:

"ഇപ്രകാരം പറയുന്നുവരുമാകുന്നു അവർ: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു" (ക്വുർആൻ 25:65,66).

"അല്ലാഹുവേ, നരകത്തിൽ നിന്നും എന്നെ നീ രക്ഷിക്കണേ" (തിർമിദി 2079) എന്ന് നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു.

നരകമോചനം ആഗ്രഹിക്കുന്നവർ, മക്കളെ വേണ്ടവർ, രോഗശമനം കൊതിക്കുന്നവർ, ജീവിതത്തിൽ അഭിവൃദ്ധി തേടുന്നവർ... എല്ലാവരും അല്ലാഹുവോട് പ്രാർഥിക്കുക.

സ്വർഗാവകാശികളായി മാറിയ പ്രവാചകന്മാർ പല പ്രയാസങ്ങളും ഉള്ളവരായിരുന്നു. മുമ്പ് കഴിഞ്ഞുപോയ ഒരു നബിയുടെയും ക്വബ്ർ തേടി അവർ പോയിട്ടില്ല. അല്ലാഹുവോടല്ലാതെ ആവലാതി പറഞ്ഞിട്ടില്ല. വയസ്സേറെയായിട്ടും മക്കളില്ലാത്തിന്റെ വിഷമം സഹിച്ചവരായിരുന്നു ഇബ്‌റാഹീംനബി(അ)യും സകരിയ്യാ നബി(അ)യും. അവരുടെ പ്രാർഥനകൾ കാണുക:

"എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു" (ക്വുർആൻ 37:100-101).

"അവിടെ വെച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ

പക്കൽനിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു"(ക്വുർആൻ 3:38).

മക്കളിലൂടെ കൺകുളിർമ ലഭിക്കണമെങ്കിൽ സ്വർഗക്കാരുടെ പ്രകൃതംതന്നെ സ്വീകരിക്കുക: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽനിന്നും സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:74).

ഇബ്‌റാഹീം നബിﷺ പ്രാർഥിച്ച പോലെ പ്രാർഥിക്കുകയും ചെയ്യുക:

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്‌കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ" (ക്വുർആൻ 14:40).

ദുരിതങ്ങളിലും പ്രയാസങ്ങളിലും അകപ്പെട്ടാൽ യൂനുസ് നബിﷺയുടെ പ്രാർഥനയിൽ നമുക്ക് മാതകയുണ്ട്: "...അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു" (ക്വുർആൻ 21:87,88).

ഇഹലോകത്ത് നാം ഒറ്റപ്പെട്ടു. എല്ലാവരും നമ്മെ കൈവിട്ടു. എന്നാലും നമ്മൾ നിരാശപ്പെടേണ്ട. ഒറ്റപ്പെട്ട സന്ദർഭത്തിൽ മൂസാനബിﷺ അവലംബിച്ചത് പ്രാർഥനയെയാണ്. അതിന് ഉത്തരം ലഭിക്കുകയും ചെയ്തു:

"അങ്ങനെ അവർക്കു വേണ്ടി അദ്ദേഹം (അവരുടെ കാലികൾക്ക്) വെള്ളം കൊടുത്തു. പിന്നീടദ്ദേഹം തണലിലേക്ക് മാറിയിരുന്നിട്ട് ഇപ്രകാരം പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നൻമയ്ക്കും ഞാൻ ആവശ്യക്കാരനാകുന്നു. അപ്പോൾ ആ രണ്ട് സ്ത്രീകളിൽ ഒരാൾ നാണിച്ചു കൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് നടന്നുചെന്നിട്ട് പറഞ്ഞു: താങ്കൾ ഞങ്ങൾക്കു വേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്കു നൽകുവാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു. അങ്ങനെ മൂസാ അദ്ദേഹത്തിന്റെ അടുത്ത് ചെന്നിട്ട് തന്റെ കഥ അദ്ദേഹത്തിന് വിവരിച്ചു കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: ഭയപ്പെടേണ്ട. അക്രമികളായ ആ ജനതയിൽനിന്ന് നീ രക്ഷപ്പെട്ടിരിക്കുന്നു" (ക്വുർആൻ 28:24,25).

ആരുമില്ലാത്ത മൂസാനബിﷺക്ക് പ്രാർഥനയുടെ ഫലമായി കിട്ടിയത് ശത്രുവിൽനിന്നുള്ള സുരക്ഷ, ജോലി, നല്ലവളായ ഭാര്യ തുടങ്ങിയ അനുഗ്രഹങ്ങളാണ്!

രാത്രിയുടെ അന്ത്യയാമങ്ങളിൽ എഴുന്നേറ്റ് ഉള്ളുരുകി പ്രാർഥിക്കുക. തീർച്ചയായും അല്ലാഹു ഉത്തരം തരും. 'ഏതു പ്രാർഥനയാണ് കൂടുതൽ സ്വീകരിക്കപ്പെടുക?' എന്ന ചോദ്യത്തിന് നബിﷺ നൽകിയ മറുപടി 'രാത്രിയുടെ അവസാന ഭാഗത്തിലും നിർബന്ധ നമസ്‌കാര ശേഷവും ഉള്ളത്' (തിർമിദി 2782) എന്നായിരുന്നു. 'ബാങ്കിനും ഇക്വാമത്തിനും ഇടക്കുള്ള സമയം തള്ളപ്പെടുകയില്ല. അതിനാൽ നിങ്ങൾ പ്രാർഥിക്കുക' എന്നും ഹദീഥിൽ കാണാം (ഇർവാഉൽ ഗലീൽ 244).

'ഒരു അടിമ തന്റെ റബ്ബിലേക്ക് ഏറ്റവും അടുക്കുന്നത് അവൻ സുജൂദിലായിരിക്കെയാണ്. അതിനാൽ നിങ്ങൾ പ്രാർഥന വർധിപ്പിക്കുക' എന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളും വിശേഷണങ്ങളും ഉപയോഗിച്ച് പ്രാർഥിച്ചാൽ അത് സ്വീകാര്യതക്ക് ശക്തി കൂട്ടും.

"അല്ലാഹുവിനാണ് ഏറ്റവും നല്ല നാമങ്ങൾ. അതിനാൽ അവകൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക" (ക്വുർആൻ 7:180).

നമ്മൾ ചെയ്ത സൽകർമങ്ങൾ മുൻനിർത്തി നാം ചെയ്യുന്ന പ്രാർഥനകളും കൂടുതൽ സ്വീകാര്യതക്ക് കാരണമാണ്. ഹറാമായ സമ്പാദ്യംകൊണ്ട് ജീവിതം നയിക്കുന്നവൻ എത്ര പ്രാർഥിച്ചാലും അത് നിഷ്ഫലമായിരിക്കും. അതിനാൽ ഹലാലായ മാർഗത്തിൽ സമ്പാദിച്ച് ഹലാലായത് തിന്നും കുടിച്ചും ധരിച്ചും ജീവിക്കുക. പ്രാർഥന സ്വീകരിക്കപ്പെടും.

സ്വർഗം ലക്ഷ്യമാക്കി നീങ്ങുന്ന നമ്മൾ ഒരിക്കലും പ്രാർഥനയെ നിസ്സാരമായി കാണരുത്. തന്റെ ദുർബലതയും ഇല്ലായ്മയും വിനയവുമെല്ലാം സർവശക്തന്റെ മുമ്പിൽ പ്രകടമാക്കുന്ന, തുറന്നു പറയുന്ന ഭവ്യതയുടെ പ്രകടരൂപമാണ് പ്രാർഥന. പ്രാർഥനയില്ലായെങ്കിൽ അല്ലാഹു നമ്മെ പരിഗണിക്കുകയേയില്ല എന്ന് ക്വുർആൻ നമ്മെ അറിയിക്കുന്നത് നാം ഗൗരവത്തിൽ കാണുകതന്നെ വേണം. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# കുറ്റകൃത്യങ്ങളും മാധ്യമ അത്യുക്തിയും

**സെൻസേഷണൽ വാർത്തകൾക്കായി കുറ്റകൃത്യങ്ങൾ ആഘോഷിക്കുന്ന പ്രവണത മലയാള പത്രപ്രവർത്തനരംഗത്തും സജീവമാവുകയാണ്. പ്രതികളുടെയും പ്രതിസ്ഥാനത്ത് ആരോപിക്കുന്നവരുടെയും ആത്മാഭിമാനത്തെ പൊതുജനമധ്യത്തിൽ വിചാരണ ചെയ്യുന്ന സമീപനം എന്ത് മാധ്യമ നൈതികതയുടെ പേരിലായാലും നീതീകരിക്കത്തക്കതല്ല തന്നെ.**

പതിനാറു വർഷങ്ങളിൽ വ്യത്യസ്ത കാലങ്ങളിലായി കോഴിക്കോട് ജില്ലയിലെ കൂടത്തായിയിലെ ഒരു കുടുംബത്തിൽ സംഭവിച്ച മരണങ്ങളുടെ കാരണങ്ങൾ തേടി കേരളപോലീസ് നടത്തിയ അന്വേഷണത്തെ തുടർന്ന് കണ്ടെത്തിയ നിരീക്ഷണങ്ങൾ വളരെയധികം ഞെട്ടലുളവാക്കുന്നതാണ്. 2002 മുതലുള്ള മരണങ്ങൾ എല്ലാം തന്നെ സ്വാഭാവിക മരണങ്ങളാണെന്നാണ് കരുതപ്പെട്ടുവന്നിരുന്നതെങ്കിൽ ഇപ്പോൾ പോലീസിന്റെ പ്രാഥമികാന്വേഷണ രേഖകൾ അവയെല്ലാം കൊലപാതകങ്ങളായിരുന്നുവെന്നാണ് പറയുന്നത്. കൊലപാതക കുറ്റകൃത്യത്തിന്റെ കേന്ദ്രബിന്ദു കുടുംബത്തിൽ പെട്ട ഒരാൾ തന്നെയാണെന്നാണ് പോലീസിന്റെ നിഗമനം. പോലീസിന്റെ കണ്ടെത്തലുകൾ സത്യമാണെങ്കിൽ സ്ഥിതിഗതികൾ വളരെ ഗുരുതരമാണ്. കേരളത്തിന്റെ കുടുംബ സാമൂഹിക വ്യവസ്ഥി

തികളിൽ സംഭവിച്ച വിള്ളലുകളും വ്യക്തികളുടെ അപചയവും എത്രമാത്രം വലുതായിരിക്കുന്നുവെന്ന് അത് ബോധ്യപ്പെടുത്തുന്നുണ്ട്.

സ്വന്തം ഭർത്താവിനെയും ഭർത്താവിന്റെ പിതാവ്, മാതാവ് മറ്റു അടുത്ത ബന്ധുക്കൾ തുടങ്ങിയ വളരെ പ്രിയപ്പെട്ടവരെയും കൊന്നൊടുക്കുവാൻ ഒരു സ്ത്രീ മാനസികമായി തയ്യാറായതും സ്വന്തം കൈകൾ കൊണ്ട് തന്നെ കൃത്യം നിർവഹിക്കുകയും ചെയ്തത് കൊണ്ട് മാത്രമല്ല; ഒന്നിന് പിറകെ ഓരോന്നായി അത് നിർവഹിക്കാൻ മാത്രം ആ മനസ്സ് കരിമ്പാറയെക്കാൾ ഉറച്ചുപോയതും ഒരിക്കൽ പോലും കുറ്റകൃത്യത്തെ കുറിച്ച് അവർക്ക് മനസ്താപം തോന്നുകയും ചെയ്തില്ല എന്നതും അറിയുമ്പോൾ ദൈവം കനിഞ്ഞരുളിയ മനുഷ്യത്വം എന്ന സവിശേഷ ഗുണം ഒരു തരിമ്പ് പോലും ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല എന്നല്ലേ മനസ്സിലാക്കാൻ കഴിയുക?

ആസൂത്രിത കൊലപാതകങ്ങൾ കേരളത്തിൽ ധാരാളം നടന്നിട്ടുണ്ട്. ചില കേസുകളിൽ ഇതുവരെയും പ്രതികളെ പിടികൂടാൻ സാധിച്ചിട്ടില്ല. ചില കേസുകളിൽ പിടികൂടപ്പെട്ട പ്രതികളിൽ ചിലർ അപ്രത്യക്ഷരായ സംഭവങ്ങളുമുണ്ട്. മറ്റുചിലതിൽ പ്രതികളെ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിട്ടുമുണ്ട്. മിക്ക കൊലപാതകങ്ങളുടെയും പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത് സാമ്പത്തിക ലക്ഷ്യങ്ങളാണ്. 1984ലെ വളരെ പ്രമാദമായ ഫിലിം റെപ്രസന്റേറ്റീവ് ചാക്കോ വധക്കേസിൽ പ്രതിയായ സുകുമാരക്കുറുപ്പിനെ ഇന്നുവരെ പിടികൂടാൻ സാധിച്ചിട്ടില്ല. മരണപ്പെട്ടത് സുകുമാരക്കുറുപ്പാണെന്നു വരുത്തിത്തീർത്ത് ഇൻഷൂറൻസ് തുകയായ എട്ടു ലക്ഷം രൂപ തട്ടിയെടുക്കുകയായിരുന്നു ലക്ഷ്യം. കേരളത്തിൽ ചെങ്ങന്നൂരിനടുത്തുള്ള ചെറിയനാട് എന്ന സ്ഥലത്തുകാരനായ സുകുമാരക്കുറുപ്പ് തന്റെ ഭാര്യയോടൊപ്പം ജോലി സ്ഥലമായ അബുദാബിയിലാണ് കഴിഞ്ഞിരുന്നത്. അങ്ങനെയിരിക്കേ, വേഗത്തിൽ വലിയൊരു പണക്കാരനാകാനുള്ള പദ്ധതി അയാളുടെ മനസ്സിൽ ഉദിച്ചു. ഇതിനോടനുബന്ധിച്ച്, അബുദാബിയിൽ വച്ച് 301616 ദിർഹമിനുള്ള ഒരു ഇൻഷുറൻസ് പോളിസി അയാൾ എടുത്തു. തുടർന്ന്, താൻ ഒരു കാറപകടത്തിൽ കൊല്ലപ്പെട്ടു എന്ന് ബന്ധപ്പെട്ടവരെയെല്ലാം ബോധ്യപ്പെടുത്താൻ അയാൾ തീരുമാനിച്ചു. അങ്ങനെയാകുമ്പോൾ, ഇൻഷുറൻസ് തുക മുഴുവൻ അയാളുടെ ഭാര്യയ്ക്ക് കൈപ്പറ്റാമെന്നും തുടർന്ന് അവർക്ക് എവിടെയെങ്കിലും സുഖമായി ജീവിക്കാൻ സാധിക്കുമെന്നും കണക്കുകൂട്ടിയാണ് സുകുമാരക്കുറുപ്പിനോട് ഏകദേശം രൂപസാദൃശ്യം തോന്നിക്കുന്ന ചാക്കോയെ കാറിൽ കയറ്റുകയും കാർ പെട്രോൾ ഒഴിച്ച് ഒരു നെൽവയലിലേക്ക് തള്ളിയിടുകയും ചെയ്തത്. കാർ കത്തി ചാക്കോ വെന്തുചാമ്പലായി. ഈ കേസിൽ ഇപ്പോഴും സുകുമാരക്കുറുപ്പിനെ പിടികൂടാൻ സാധിച്ചിട്ടില്ല.

1980കളുടെ അവസാനത്തിൽ ഉത്തരകേരളത്തിൽ അരങ്ങേറിയ കൊലപാതകപരമ്പരയിൽ കേരളം വിറങ്ങലിച്ചു. 'റിപ്പർ ചന്ദ്രൻ' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന മുതുകുറ്റി ചന്ദ്രൻ പതിനഞ്ചോളം കൊലപാതകങ്ങൾ നടത്തിയത് തനിക്ക് നേരത്തെ പരിചയമുള്ളവരെയോ മറ്റെന്തെങ്കിലും ശത്രുതയുള്ളവരെയോ ആയിരുന്നില്ല. രാത്രിയുടെ മറവിൽ പുരുഷന്മാരെ തലക്കടിച്ചു കൊല്ലും. സ്ത്രീകളെയാണെങ്കിൽ തലക്കടിച്ചു വീഴ്ത്തി മദ്യം കുടിപ്പിച്ച് ബലാൽസംഗം ചെയ്ത ശേഷം കൊല




**മാനവചരിത്രത്തിലെ വിവിധ ദശാസന്ധികളെ പരിശോധിച്ചാൽ കുറ്റകൃത്യങ്ങളുടെ അടിസ്ഥാനകാരണം ഭൗതികജീവിതത്തോടുള്ള മനുഷ്യന്റെ വീക്ഷണവും ജീവിതത്തിനു ശേഷമുള്ള പരലോകത്തെ കുറിച്ചുള്ള അറിവില്ലായ്മ, സംശയം, അവിശ്വാസം തുടങ്ങിയവയുമാണെന്നു നിരീക്ഷിക്കാൻ സാധിക്കും. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന കുറ്റകൃത്യങ്ങളെ ശമിപ്പിക്കുവാനും നിയന്ത്രിക്കുവാനും ശാന്തമായ മനസ്സുകൊണ്ട് മാത്രമെ സാധിക്കൂ. ശാന്തമായ മനസ്സ് നേടിയെടുക്കണമെങ്കിൽ സ്രഷ്ടാവിനെ കുറിച്ചുള്ള സ്മരണയാണ് അനിവാര്യമായിട്ടുള്ളത്. ജീവിതത്തെ കുറിച്ചുള്ള യഥാർഥ വീക്ഷണം മനുഷ്യന് ലഭ്യമാവുന്നത് സ്രഷ്ടാവിൽ നിന്നാണ്. സ്രഷ്ടാവായ ജഗന്നിയന്താവ് അവന്റെ ദൂതന്മാർ വഴി മനുഷ്യരെ നന്മ തിന്മകളും ശരി തെറ്റുകളും എന്തെന്ന് പഠിപ്പിക്കുന്നു.**

പ്പെടുത്തും. ഇതായിരുന്നു ഒരു സൈക്കോ കൊലപാതകിയായിരുന്ന ചന്ദ്രന്റെ കൊലപാതക രീതി. 1888ൽ അമേരിക്കയിൽ നിരവധി പേരെ തലക്കടിച്ചുകൊന്നു കുപ്രസിദ്ധി നേടിയ 'ജാക്ക് ദ റിപ്പർ' എന്ന അജ്ഞാത കൊലയാളിയുടെ കൊലപാതക രീതിയോട് സാമ്യമുള്ളതിനാലായിരുന്നു മുതുകുറ്റി ചന്ദ്രൻ 'റിപ്പർ ചന്ദ്രൻ' എന്ന പേരിൽ പിന്നീട് അറിയപ്പെട്ടത്. ചന്ദ്രനെയും ആദ്യം പോലീസ് പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. ചന്ദ്രൻ തളിപ്പറമ്പിലെ ഒരു സ്ത്രീയെ നിഷ്ഠൂരമായി വധിച്ചത് നേരിൽ കണ്ട സ്ത്രീയുടെ പിഞ്ചുബാലൻ പോലീസിന് നൽകിയ വിവരണത്തിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ചന്ദ്രൻ പിടിക്കപ്പെടുന്നത്. 1991ൽ കണ്ണൂർ സെൻട്രൽ ജയിലിൽ ചന്ദ്രനെ തൂക്കിലേറ്റി. പക്ഷേ, അതിനുമുമ്പ് നടന്ന ചില നാടകീയ സംഭവങ്ങൾ ചന്ദ്രനെപ്പോലുള്ളവർ എങ്ങനെയാണ് ഇത്തരം കുറ്റകൃത്യങ്ങളിലേക്ക് പ്രവേശിക്കുന്നതെന്ന് നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. തൂക്കിക്കൊല്ലുന്നതിനു മുമ്പായി അവസാനത്തെ ആഗ്രഹം ചോദിച്ചപ്പോൾ അമ്മയെ കാണണം എന്ന ആഗ്രഹം പറഞ്ഞപ്പോൾ കോടതി അക്കാര്യം സാധിപ്പിച്ചുകൊടുത്തു. കരഞ്ഞുകൊണ്ട് അടുത്തുവന്ന അമ്മയെ ചന്ദ്രൻ വാരിപ്പുണർന്നു. പിടുത്തം മുറുകി. അമ്മയുടെ നിലവിളികേട്ട് ഓടിവന്ന പോലീസുകാർ കണ്ടത് അമ്മയുടെ ചെവിയിൽ നിന്നും രക്തം വാർന്നൊഴുകുന്നതായിരുന്നു. താൻ സ്വന്തം അമ്മയോടെന്തിനിത് ചെയ്തുവെന്ന ചോദ്യത്തിന് കലങ്ങിയ കണ്ണുകളോടെ, ഇടറിയ ശബ്ദത്തോടെ ചന്ദ്രൻ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു: 'ഈ തള്ളയാണ് എന്റെ ഈ അവസ്ഥയ്ക്ക് കാരണം. ചെറുപ്പത്തിൽ ഞാൻ ചെയ്ത കൊച്ചു കൊച്ചു കള്ളത്തരങ്ങൾ ഇവർ പ്രോത്സാഹിപ്പിച്ചു. കൂട്ടുകാരുടെ പേനയും പുസ്തകവും മോഷ്ടിച്ചുകൊണ്ടുവരുമ്പോൾ അവർ എന്നെ തിരുത്തിയില്ല. പകരം പ്രോത്സാഹിപ്പിച്ചു. അന്നവർ എന്നെ വിലക്കി നേർവഴിക്ക് നടത്തിയിരുന്നുവെങ്കിൽ എനിക്കിന്നീ ഗതി വരുമായിരുന്നില്ല.' അയാൾ ഏങ്ങലടിച്ചു കരഞ്ഞു.

1996 ജൂലൈ 11നായിരുന്നു കണ്ണൂർ പയ്യന്നൂരിലെ കരാറുകാരനായിരുന്ന മുരളീധരനെ കാമുകി ഡോ. ഓമന കൊലപ്പെടുത്തുന്നത്. ഊട്ടിയിലെ റെയിൽവേസ്റ്റേഷനിലെ വിശ്രമമുറിയിൽ വെച്ച് വിഷം കുത്തിവെക്കുകയും പിന്നീട് ലോഡ്ജിൽ വെച്ച് രക്തം കട്ടിയാവാനുള്ള മരുന്ന് കുത്തിവെക്കുകയും ചെയ്തുകൊണ്ടാണ് ഓമന മുരളീധരനെ വധിക്കുന്നത്. മുരളീധരൻ മറ്റൊരു വിവാഹം ചെയ്യുമെന്ന ധാരണയായിരുന്നു ഓമനയെ ഈ കൃത്യത്തിന് പ്രേരിപ്പിച്ചത്. വധിച്ചതിന് ശേഷം മൃതദേഹം വെട്ടിനുറുക്കി സ്യൂട്ട് കേസിലാക്കി കേരളത്തിന്റെ പലഭാഗങ്ങളിലായി ശരീരഭാഗങ്ങൾ ഉപേക്ഷിക്കുന്നതിനിടയിൽ ടാക്സി ഡ്രൈവറുടെ ശ്രദ്ധയിൽ പെട്ടതോടെയാണ് ഓമന പിടിക്കപ്പെടുന്നത്. 2001ൽ ജ്യാമത്തിലിറങ്ങിയ ഓമന പിന്നെ അപ്രത്യക്ഷയായി. ഇതുവരെയും ഓമനയെ പിടികൂടാൻ സാധിച്ചിട്ടില്ല.

ഈ മൂന്നു സംഭവങ്ങൾ ഇവിടെ എടുത്തുപറയാനുള്ള കാരണം, കുറ്റകൃത്യങ്ങളിലേക്ക് കുറ്റവാളികളെന്ന് നാം വിളിക്കുന്നവരെ പ്രേരിപ്പിക്കുന്ന ഘടകങ്ങളെ ചൂണ്ടിക്കാണിക്കുവാനാണ്. സാമ്പത്തിക ലക്ഷ്യങ്ങൾ, ജീവിതാസ്വാദനം, രക്ഷിതാക്കളുടെ കുറ്റകരമായ അലംഭാവം, സമൂഹത്തോടുള്ള പക, വഴിവിട്ട ബന്ധങ്ങൾ തുടങ്ങിയവയാണ് പ്രേരകഘടകങ്ങളായി കാണാൻ കഴിയുക. ഭൗതികജീവിതത്തിലെ നൈമിഷിക സുഖങ്ങൾ നേടിയെടുക്കാനും ജീവിതകാലം മുഴുവനും സാമ്പത്തിക ഭദ്രത നേടിയെടുക്കാനും സുഖിച്ചുല്ലസിച്ച് ജീവിക്കുവാനുമുള്ള മനുഷ്യന്റെ പ്രകൃതിപരമായ ത്വരയാണ് ഇവിടെ യഥാർഥ കുറ്റവാളി. ഈ ഒരു ത്വര മനുഷ്യനിൽ സ്വാഭാവികമായി ഉടലെടുക്കുന്നതാണ്.

മാനവചരിത്രത്തിലെ വിവിധ ദശാസന്ധികളെ പരിശോധിച്ചാൽ കുറ്റകൃത്യങ്ങളുടെ അടിസ്ഥാനകാരണം ഭൗതികജീവിതത്തോടുള്ള മനുഷ്യന്റെ വീക്ഷ

**കുറ്റവാളികളോടാണെങ്കിൽ പോലും സ്വീകരിക്കേണ്ട ചില മാന്യതയും മര്യാദയുമുണ്ട്. കുറ്റകൃത്യത്തെയാണ് വെറുക്കേണ്ടത്; കുറ്റവാളിയെയല്ല. 99 പേരെ കൊന്ന ആളുടെ മുമ്പിൽ പോലും പശ്ചാത്താപത്തിന്റെ വാതിൽ തുറന്നുകിടപ്പുണ്ടെന്നാണ് മതം പഠിപ്പിക്കുന്നത്. അതേസമയം അവർ ഭൂമിയിൽ ചെയ്ത കുറ്റകൃത്യങ്ങൾക്ക് വ്യക്തമായ ഭൗതിക ശിക്ഷകളും ആവശ്യമാണ്. ശിക്ഷകൾ നടപ്പാക്കേണ്ടത് കോടതിയും ന്യായാധിപന്മാരുമാണ്. മാധ്യമങ്ങളോ രാഷ്ട്രീയ പ്രതിയോഗികളോ കുടുംബവിരോധമുള്ളവരോ അല്ല. പത്രങ്ങൾ വായിച്ചും ദൃശ്യമാധ്യമങ്ങൾ കണ്ടുരസിച്ചും അറിയാത്ത കാര്യങ്ങളെ കുറിച്ച് വിധിപറയുന്ന പ്രേക്ഷകനുമല്ല. ട്രോളുകളുണ്ടാക്കി വ്യക്തിയെ അധിക്ഷേപിക്കാനും പരിഹസിക്കാനും ഒരു മതവും ഭരണഘടനയും അനുമതി നൽകുന്നില്ല. ട്രോളുകളും പരിഹാസങ്ങളും കുറ്റകൃത്യങ്ങളുടെ ഗൗരവം സമൂഹത്തിൽ കുറച്ച് കാണിക്കുക മാത്രമാണ് ചെയ്യുന്നത്.**

**കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ആക്ഷേപിച്ചും അവരുടെ ചെയ്തികളെ ഊഹങ്ങളിലൂടെ പെരുപ്പിച്ചും മാധ്യമങ്ങളിലൂടെ നിറം പിടിപ്പിച്ച വാർത്തകൾ സൃഷ്ടിച്ചും കഥകളും സീരിയലുകളും സിനിമകളും ഉണ്ടാക്കിയും ആഘോഷിക്കാനാണ് ഇന്ന് ഭൂരിപക്ഷവും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. റിപ്പർ ചന്ദ്രന്റെയും സുകുമാരക്കുറുപ്പിന്റെയും ഡോ. ഓമനയുടെയുമെല്ലാം സംഭവങ്ങൾ കേരളീയസമൂഹം സ്വയം തിരുത്തുവാനുള്ള ഉപകരണമായെടുത്തില്ല. മറിച്ച് അവയെ സെൻസേഷണലായി ആഘോഷിച്ച് ഇക്കിളിവാർത്തകളും പൈങ്കിളിക്കഥകളും മെനഞ്ഞുണ്ടാക്കുന്നതിലായിരുന്നു താൽപര്യം. കൂടത്തായി സംഭവത്തിലും മാധ്യമങ്ങൾ അമിതോത്സാഹം കാണിച്ച് 'ജോളിയടിക്കുവാനാണ് താൽപര്യപ്പെടുന്നത്. പോലീസും കോടതിയുമെല്ലാം ഇക്കാര്യം തുറന്നു പറഞ്ഞുകഴിഞ്ഞു.**



ണവും ജീവിതത്തിനു ശേഷമുള്ള പരലോകത്തെ കുറിച്ചുള്ള അറിവില്ലായ്മ, സംശയം, അവിശ്വാസം തുടങ്ങിയവയുമാണെന്നു നിരീക്ഷിക്കാൻ സാധിക്കും. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന കുറ്റകൃത്യങ്ങളെ ശമിപ്പിക്കുവാനും നിയന്ത്രിക്കുവാനും ശാന്തമായ മനസ്സുകൊണ്ട് മാത്രമെ സാധിക്കൂ. ശാന്തമായ മനസ്സ് നേടിയെടുക്കണമെങ്കിൽ സ്രഷ്ടാവിനെ കുറിച്ചുള്ള സ്മരണയാണ് അനിവാര്യമായിട്ടുള്ളത്. ജീവിതത്തെ കുറിച്ചുള്ള യഥാർഥ വീക്ഷണം മനുഷ്യന് ലഭ്യമാവുന്നത് സ്രഷ്ടാവിൽ നിന്നാണ്. സ്രഷ്ടാവായ ജഗന്നിയന്താവ് അവന്റെ ദൂതന്മാർ വഴി മനുഷ്യരെ നന്മ തിന്മകളും ശരിതെറ്റുകളും എന്തെന്ന് പഠിപ്പിക്കുന്നു. ഭൗതികജീവിതത്തിൽ വഴിതെറ്റിപ്പോവാതിരിക്കാനും വലിയ നഷ്ടങ്ങൾ സംഭവിക്കാതിരിക്കാനും ഈ നിയമങ്ങൾ പാലിച്ചേ മതിയാവൂ. ധർമചിന്തകൾ വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ സമൂഹത്തെ സംസ്കരിച്ചെടുക്കാൻ സാധിക്കൂ.

കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ആക്ഷേപിച്ചും അവരുടെ ചെയ്തികളെ ഊഹങ്ങളിലൂടെ പെരുപ്പിച്ചും മാധ്യമങ്ങളിലൂടെ നിറം പിടിപ്പിച്ച വാർത്തകൾ സൃഷ്ടിച്ചും കഥകളും സീരിയലുകളും സിനിമകളും ഉണ്ടാക്കിയും ആഘോഷിക്കാനാണ് ഇന്ന് ഭൂരിപക്ഷവും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. റിപ്പർ ചന്ദ്രന്റെയും സുകുമാരക്കുറുപ്പിന്റെയും ഡോ. ഓമനയുടെയുമെല്ലാം സംഭവങ്ങൾ കേരളീയസമൂഹം സ്വയം തിരുത്തുവാനുള്ള ഉപകരണമായെടുത്തില്ല. മറിച്ച് അവയെ സെൻസേഷണലായി ആഘോഷിച്ച് ഇക്കിളിവാർത്തകളും പൈങ്കിളിക്കഥകളും മെനഞ്ഞുണ്ടാക്കുന്നതിലായിരുന്നു താൽപര്യം. കൂടത്തായി സംഭവത്തിലും മാധ്യമങ്ങൾ അമിതോത്സാഹം കാണിച്ച് 'ജോളിയടിക്കുവാനാണ്' താൽപര്യപ്പെടുന്നത്. പോലീസും കോടതിയുമെല്ലാം ഇക്കാര്യം തുറന്നു പറഞ്ഞുകഴിഞ്ഞു. പോലീസ് നടത്തുന്ന അന്വേഷണം പോലെ സംശയിക്കപ്പെടുന്നവരെയെല്ലാം ഇന്റർവ്യൂ ചെയ്ത് പോലീസ് താൽകാലികമായി അന്വേഷണത്തിന്റെ ഭാഗമായി രഹസ്യമാക്കി വെക്കാൻ ശ്രമിക്കുന്ന കാര്യങ്ങൾ പോലും മാധ്യമങ്ങൾ പുറത്തുവിട്ട് അസ്വസ്ഥതകൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. നിരപരാധികളായ പലരെയും പോലീസ് അന്വേഷണത്തിന്റെ ഭാഗമായി സ്റ്റേഷനിലേക്ക് വിളിപ്പിക്കുകയോ അവരുടെ വീടുകളിൽ വന്ന് അന്വേഷിക്കുകയോ പതിവുള്ള കാര്യമാണ്. ഇങ്ങനെ പോലീസ് അന്വേഷിക്കുന്നവരെപ്പോലും സമൂഹത്തിന്റെ മുമ്പിൽ ഇടിച്ചുകാണിക്കുന്ന രീതി അനീതിയാണ്. മാധ്യമങ്ങൾ പെരുപ്പിക്കുന്ന ഊഹക്കഥകൾ വഴി പലപ്പോഴും തകർന്നടിയുന്നത് പാവങ്ങളായ പലരുടെയും ഭാവിജീവിതമാണ്. വർഷങ്ങളോളം മാനസികപീഡ അനുഭവിച്ച നമ്പി നാരായണന്റെയും മറിയം റഷീദയുടെയും ഫൗസിയ ഹസന്റെയും നിരപരാധിത്വവും യഥാർഥ ചിത്രവും നാം മനസ്സിലാക്കുന്നത് പതിറ്റാണ്ടുകൾ പിന്നിട്ട ശേഷമാണ്. ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുതെന്ന മഹത്തായ കാഴ്ചപ്പാട് ലോകത്തിന് സമ്മാനിച്ച രാജ്യമാണ് ഇന്ത്യ. പോലീസ് നടപടികളിൽ അഴിമതിയോ പക്ഷപാതിത്വമോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെ തുറന്നു കാണിക്കാൻ ഒരു ജനാധിപത്യ സംവിധാനത്തിൽ മാധ്യമങ്ങൾക്ക് അവകാശമുണ്ട് എന്നതിനെ നിഷേധിക്കുന്നില്ല.

**മാധ്യമങ്ങൾക്ക് വലിയൊരു ധർമമുണ്ട്. അവരത് മറന്നുകൂടാ. റേറ്റിംഗ് കൂട്ടാനും കോപ്പികൾ വർധിപ്പിക്കാനും വളരെ വിലകുറഞ്ഞ മാർഗങ്ങൾ സ്വീകരിക്കരുത്. കുറ്റകൃത്യങ്ങളെ ദയവു ചെയ്ത് ആഘോഷിക്കരുത്. വാർത്തകളിൽ 'ത്രെ' എന്ന വാക്ക് ചേർത്താൽ ഏതു കളവിനെയും സത്യമായി അവതരിപ്പിക്കാൻ സാധിക്കുമെന്ന മാധ്യമമിടുക്ക് ഒരിക്കലും സംസ്കൃത സമൂഹത്തിന് ചേർന്നതല്ല. സത്യസന്ധമായ വാർത്തകൾ നൽകാം. പക്ഷേ, അതോടൊപ്പം സമൂഹത്തെ കൂടുതൽ കുഴപ്പത്തിലേക്ക് നയിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കാതിരിക്കുകയാണ് വേണ്ടത്. വ്യക്തികളുടെ അന്തസ്സും അഭിമാനവും പിച്ചിച്ചീന്തുകയല്ല, മറിച്ച് സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങളാണ് സ്വദേശാഭിമാനിയുടെയും വക്കം മൗലവിയുടെയും പിന്മുറക്കാരായ മാധ്യമപ്രവർത്തകർ ചെയ്യേണ്ടത്.**

കുറ്റവാളികളോടാണെങ്കിൽ പോലും സ്വീകരിക്കേണ്ട ചില മാന്യതയും മര്യാദയുമുണ്ട്. കുറ്റകൃത്യത്തെയാണ് വെറുക്കേണ്ടത്; കുറ്റവാളിയെയല്ല. 99 പേരെ കൊന്ന ആളുടെ മുമ്പിൽ പോലും പശ്ചാത്താപത്തിന്റെ വാതിൽ തുറന്നുകിടപ്പുണ്ടെന്നാണ് മതം പഠിപ്പിക്കുന്നത്. അതേസമയം അവർ ഭൂമിയിൽ ചെയ്ത കുറ്റകൃത്യങ്ങൾക്ക് വ്യക്തമായ ഭൗതിക ശിക്ഷകളും ആവശ്യമാണ്. ശിക്ഷകൾ വിധിക്കേണ്ടതും നടപ്പാക്കേണ്ടതും കോടതിയും ഭരണകൂടവുമാണ്. മാധ്യമങ്ങളോ രാഷ്ട്രീയ പ്രതിയോഗികളോ കുടുംബവിരോധമുള്ളവരോ അല്ല. പത്രങ്ങൾ വായിച്ചും ദൃശ്യമാധ്യമങ്ങൾ കണ്ടുരസിച്ചും അറിയാത്ത കാര്യങ്ങളെ കുറിച്ച് വിധിപറയുന്ന പ്രേക്ഷകനുമല്ല. ട്രോളുകളുണ്ടാക്കി വ്യക്തിയെ അധിക്ഷേപിക്കാനും പരിഹസിക്കാനും ഒരു മതവും ഭരണഘടനയും അനുമതി നൽകുന്നില്ല. ട്രോളുകളും പരിഹാസങ്ങളും കുറ്റകൃത്യങ്ങളുടെ ഗൗരവം സമൂഹത്തിൽ കുറച്ച് കാണിക്കുക മാത്രമാണ് ചെയ്യുന്നത്.

ഒരു സ്ത്രീ ചെയ്ത കുറ്റത്തിന് മുഴുവൻ സ്ത്രീകളെയും ഭാര്യമാരെയും പരിഹസിക്കുന്ന തരത്തിലുള്ള ക്രൂരമായ വിനോദങ്ങൾ നിർത്തേണ്ടതുണ്ട്. പുരുഷസമൂഹത്തിൽ എത്രയോ പേർ നിത്യേന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വാർത്തകൾ പുറത്തുവന്നിട്ടും ഒരു സ്ത്രീയും തന്റെ ഭർത്താവിനെ 'ട്രോളി'യതായി കണ്ടിട്ടില്ല. കുറ്റകൃത്യങ്ങൾ ചെയ്യുന്ന പുരുഷന്മാർക്ക് 'വീരചക്രം' പലരും സമ്മാനിക്കുന്നത് സ്ത്രീകൾക്ക് കൂടി ലഭിക്കുന്നതിനുള്ള അസഹ്യതയാണോ ഈ പുരുഷ ട്രോളുകളുടെ പിന്നിലെന്നും സംശയിക്കേണ്ടതുണ്ട്!


പരിഹാസങ്ങളും ആക്ഷേപങ്ങളും അവസാനിപ്പിച്ച് കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ബോധവൽക്കരണത്തിന് സർക്കാർ മിഷനറികൾ സഗൗരവം മുന്നോട്ട് വരികയാണ് വേണ്ടത്. ഉത്തരവാദപ്പെട്ട മതസംഘടനകൾ പോലും ഇങ്ങനെയുള്ള കാര്യങ്ങളെ ഗൗനിക്കുന്നില്ല. സംഘടനാ പ്രതിബദ്ധതയെക്കാൾ സാമൂഹിക, മാനവിക, പ്രതിബദ്ധത വളർത്താൻ സംഘടനകളും തയ്യാറാവണം. വ്യക്തികളോടും സമൂഹങ്ങളോടും കലഹിക്കാതെ അവരിൽ സ്നേഹവും അനുകമ്പയും വളർത്തിയെടുത്ത് കുറ്റകൃത്യങ്ങളിൽ നിന്നും അവരെ സംരക്ഷിച്ചെടുക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ മത നേതൃത്വങ്ങൾ തയ്യാറായാൽ ഒരു പരിധി വരെ കുറ്റകൃത്യങ്ങളുടെ തോത് കുറക്കാൻ കഴിയും. അറ്റുപോകുന്ന അയൽപക്കബന്ധമാണ് കുറ്റകൃത്യങ്ങൾ പെരുകുവാനുള്ള മറ്റൊരു കാരണം. സ്വന്തം വീടിനപ്പുറത്ത് ജീവിക്കുന്നത് തങ്ങളെ പോലുള്ള മനുഷ്യരാണെന്ന ബോധമില്ലാതെ വലിയ വലിയ മതിലുകൾ സൃഷ്ടിച്ച് 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന ചിന്താഗതിയുമായി നടക്കുന്നവർ മാറിച്ചിന്തിക്കേണ്ടതുണ്ട്. തെറ്റായ കാര്യങ്ങൾ കാണുമ്പോൾ ഉപദേശിക്കുവാനും തിരുത്തുവാനും ശക്തമായി ശാസിക്കുവാനും വീട്ടുകാരും അയൽപക്കങ്ങളും നാട്ടുകാരും ഭരണ പ്രതിനിധികളും മതനേതൃത്വങ്ങളും ശ്രദ്ധിച്ചാൽ എത്രയോ അനാശാസ്യങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും നാടിനെ സംരക്ഷിക്കാൻ സാധിക്കും.

മാധ്യമങ്ങൾക്ക് വലിയൊരു ധർമമുണ്ട്. അവരത് മറന്നുകൂടാ. റേറ്റിംഗ് കൂട്ടാനും കോപ്പികൾ വർധിപ്പിക്കാനും വളരെ വിലകുറഞ്ഞ മാർഗങ്ങൾ സ്വീകരിക്കരുത്. കുറ്റകൃത്യങ്ങളെ ദയവു ചെയ്ത് ആഘോഷിക്കരുത്. വാർത്തകളിൽ 'ത്രെ' എന്ന വാക്ക് ചേർത്താൽ ഏതു കളവിനെയും സത്യമായി അവതരിപ്പിക്കാൻ സാധിക്കുമെന്ന മാധ്യമമിടുക്ക് ഒരിക്കലും സംസ്കൃത സമൂഹത്തിന് ചേർന്നതല്ല. സത്യസന്ധമായ വാർത്തകൾ നൽകാം. പക്ഷേ, അതോടൊപ്പം സമൂഹത്തെ കൂടുതൽ കുഴപ്പത്തിലേക്ക് നയിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കാതിരിക്കുകയാണ് വേണ്ടത്. വ്യക്തികളുടെ അന്തസ്സും അഭിമാനവും പിച്ചിച്ചീന്തുകയല്ല, മറിച്ച് സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങളാണ് സ്വദേശാഭിമാനിയുടെയും വക്കം മൗലവിയുടെയും പിന്മുറക്കാരായ മാധ്യമപ്രവർത്തകർ ചെയ്യേണ്ടത്. ●

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 5



# സമസ്തയുടെ വക ദുശ്ശകുനത്തിൽ നിന്ന് മുഹർറത്തിന് മോചനം

ഇസ്‌ലാമിന് അന്യമായ ശീഈ വിശ്വാസങ്ങളെ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യൽ നിരുപാധികം തുടർന്നുകൊണ്ടിരിക്കുന്നവരാണ് സമസ്തക്കാർ.

ദിവസങ്ങളിൽ ചിലതിന് ദോഷമുണ്ടെന്നും അന്നേദിവസങ്ങളിൽ നല്ലതായ കാര്യങ്ങൾ ചെയ്യാൻ പാടില്ലെന്നുമുള്ള ദുശ്ശകുന (നഹ്സ്) വിശ്വാസം കാലങ്ങളായി അവർ സമുദായത്തെ പഠിപ്പിച്ചകൊണ്ടിരിക്കുകയാണ്. എല്ലാ മാസങ്ങളിലും പ്രത്യേകിച്ച് മുഹർറം മാസം ഒന്നു മുതൽ പത്തുവരെയുള്ള ദിവസങ്ങളിൽ നഹ്സ് ഉണ്ടെന്ന വിശ്വാസം സമസ്തയുടെ ആദർശമാണ്. ഹുസൈൻ‍ؓ വധിക്കപ്പെട്ട കർബല യുദ്ധത്തെ അനുസ്മരിച്ച് വർഷംതോറും പ്രധാന കേന്ദ്രങ്ങളിൽ ഇവർ ആണ്ടാഘോഷിക്കുന്നുമുണ്ട്. ശിയാക്കളിൽനിന്ന് കടംകൊണ്ടതാണ് ഇതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രമാണങ്ങൾക്ക് മുമ്പിൽ പതറുന്നത് കൊണ്ടോ, ഈ പോക്ക് പോയാൽ സംഘടന ശുഷ്കമായിപോകുമെന്ന പേടികൊണ്ടോ എന്തോ സമസ്തക്ക് ഈയിടെ ചെറിയതോതിൽ 'ബോധോദയം' വന്നിരിക്കുന്നു! 2019 സെപ്തംബർ ആദ്യലക്കം (01-15) 'സുന്നിവോയ്സി'ലൂടെ ഒരു മുസ്‌ലിയാർ തങ്ങൾക്ക് മുഹർറം മാസത്തിലെ നഹ്സിൽ വിശ്വാസമില്ലെന്ന് പറഞ്ഞൊപ്പിക്കാൻ ശ്രമിക്കുന്നതായി കണ്ടതാണ് ഇങ്ങനെ പറയാൻ കാരണം.

അദ്ദേഹം എഴുതിയത് കാണുക: "മുഹമ്മദ് നബിﷺയുടെ പേരമകൻ, ഹുസൈൻؓവിന്റെ രക്തസാക്ഷിത്വവുമായി ബന്ധപ്പെട്ടാണ് ആ നാടിന്റെ പ്രശസ്തി. രക്തം പടർന്ന ദിനം എന്നതിന്റെ പേരിൽ ചിലർ വിശുദ്ധമായ ദിനത്തെയും ശഹ്റുല്ലാഹ് എന്ന് ആദരിക്കപ്പെട്ട മുഹർറം മാസത്തെയും നഹ്സായി കണക്കാക്കുകയും ചെയ്യുന്നു. ആചാരങ്ങളും അനാചാരങ്ങളും സ്വയം പീഡനങ്ങളും കൊണ്ട് കർബല മണ്ണിനെ ഓരോ ആശൂറാഅ് ദിനത്തിലും രക്തം പുരട്ടി ചുവപ്പിക്കുന്ന വഴിപിഴച്ച വിഭാഗം വേറെയും"(പേജ് 29).

സമസ്തയുടെ കീഴിലുള്ള പള്ളികൾ, സ്ഥാപനങ്ങൾ, അനുഭാവികളുടെ വീടുകൾ തുടങ്ങിയവയിലെല്ലാം തൂങ്ങിക്കിടക്കുന്ന ഈ വർഷത്തെ കലണ്ടറിലും ഇവരുടെ പണ്ഡിതന്മാർ എഴുതിയ പുസ്തകങ്ങളിലും ശകുന തീയതികൾ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നതും ഇതൊക്കെ ശരിയാണെന്ന് വിശ്വസിക്കുന്ന അനേകായിരം പ്രവർത്തകർ ഉണ്ടെന്നതും വിസ്മരിക്കാവതല്ല. എന്നിട്ടും അത് തെറ്റാണെന്ന് പറയാൻ തയ്യാറായതിനെ അഭിനന്ദിക്കുന്നു. മുജാഹിദുകൾ പറയുന്നതിനെ ആദ്യം എതിർക്കുകയും സാവധാനം അത് പിൻപറ്റുകയും ചെയ്യുന്നതാണല്ലോ സമസ്തയുടെ ശൈലി. നിലവിലുള്ള ശിർക്ക് ബിദ്അത്തുകളെ സംബന്ധിച്ചു കൂടി ഇത്തരമൊരാലോചനയുണ്ടായാൽ സമുദായം രക്ഷപ്പെടും.

നഹ്സിന്റെ വിഷയത്തിൽ സമസ്തക്കാർ മുമ്പ് എഴുതിവെച്ചത് കാണുക:

"നഹ്സ് നോക്കൽ: എല്ലാ അറബി മാസങ്ങളിൽ നിന്നും താഴെ പറയുന്ന ദിവസങ്ങളിൽ പുതുവസ്ത്രം ധരിക്കുക, വിവാഹം ചെയ്യുക, വൃക്ഷങ്ങൾ നടുക, കിണർ കുഴിക്കുക, കെട്ടിടം ഉണ്ടാക്കുക, ഭരണാധികാരിയെ സമീപിക്കുക എന്നീ പ്രധാന കാര്യങ്ങൾ സൂക്ഷിക്കേണ്ടതാണ്. 3,5,13,16,21, 24,25 ഒടുവിലെ ബുധൻ..." (മമ്പുറം സ്വലാത്തും സ്വർഗ നിധിയും, കോയക്കുട്ടി ബാഖവി അച്ചിപ്ര, പേജ് 27).

"എല്ലാ മാസവും 24 നഹ്സാണ്. റമദാൻ 24 കടുത്ത നഹ്സാണ്" (നഹ്സ്, റിയാസ് ഫൈസി വെള്ളില, പേജ് 17).

"എല്ലാ മാസവും 3,5,13,16,21,24,25,28 എന്നിവ ശുഭകരമല്ലെന്നാണ് ചരിത്രസത്യങ്ങൾ സൂചിപ്പിക്കുന്നതെന്ന് ശൈഖ് ശാലിയാത്തി സ്പഷ്ടമാക്കിയിട്ടുണ്ട്. എന്നാൽ സഫർ മാസം 10, മുഹർറം 10, റജബ് 10, ജമാദുൽ ഊല 22 എന്നിവയെയും ഉത്തമവും ശുഭവുമായി പണ്ഡിതരിൽ ചിലർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ദിനങ്ങളിലും ഉദ്ദേശ്യകാര്യങ്ങൾ നടത്താതിരിക്കുന്നത് അഭികാമ്യമെന്ന് പറയാം" (ഇസ്‌ലാമിലെ വിവിധ ആഘോഷങ്ങൾ, റിയാസ് ഫൈസി, പേജ് 48).

പുതിയ വെളിപാട് മുഹർറം മാസത്തിലെ നഹ്സ് വിശ്വാസം തെറ്റാണ് എന്നാണ്. എന്നാൽ ഇത്രയും കാലം ജനങ്ങളെ പറഞ്ഞു പറ്റിച്ചത് മുഹർറം ആദ്യ പത്തിൽ ഒരു നല്ല കാര്യവും ചെയ്യാൻ പാടില്ല എന്നായിരുന്നു. സാധാരണക്കാർ ആ വിശ്വാസം അത്രവേഗം കയ്യൊഴിയുമോ? ആത്മാർഥമായി പറഞ്ഞതാണെങ്കിൽ ഓരോ പ്രദേശത്തെയും പ്രവർത്തകരെ ഈ വിഷയത്തിൽ ഉദ്ബോധിപ്പിക്കാൻ ഇക്കൂട്ടർ തയ്യാറാകേണ്ടതുണ്ട്.

ദുശ്ശകുന വിശ്വാസം കൊണ്ടുനടക്കുന്നവർ വികലവിശ്വാസത്തിലും വഴികേടിലും അകപ്പെട്ടവരാണ്. ഇത് ചരിത്ര സത്യമാണ്. ഫിർഔനിന്റെ കൂട്ടരെ സംബന്ധിച്ച് ക്വുർആൻ പറയുന്നു: "എന്നാൽ അവർക്കൊരു നൻമ വന്നാൽ അവർ പറയുമായിരുന്നു: നമുക്ക് അർഹതയുള്ളത് തന്നെയാണിത്. ഇനി അവർക്ക് വല്ല തിൻമയും ബാധിച്ചുവെങ്കിലോ അത് മൂസായുടെയും കൂടെയുള്ളവരുടെയും ശകുനപ്പിഴയാണ് എന്നാണവർ പറഞ്ഞിരുന്നത്. അല്ല, അവരുടെ ശകുനം അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു. പക്ഷേ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (ക്വുർആൻ 7:131).

തങ്ങളുടെ അടുക്കൽ വന്ന ദൂതന്മാരോട് ഒരു ജനത പറഞ്ഞത് ഇപ്രകാരമാണ്: "അവർ (ജനങ്ങൾ) പറഞ്ഞു: തീർച്ചയായും ഞങ്ങൾ നിങ്ങളെ ഒരു ദുശ്ശകുനമായി കരുതുന്നു. നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കാത്ത പക്ഷം നിങ്ങളെ ഞങ്ങൾ എറിഞ്ഞോടിക്കുക തന്നെ ചെയ്യും. ഞങ്ങളിൽ നിന്ന് വേദനിപ്പിക്കുന്ന ശിക്ഷ നിങ്ങളെ സ്പർശിക്കുക തന്നെ ചെയ്യും. അവർ (ദൂതൻമാർ) പറഞ്ഞു: നിങ്ങളുടെ ശകുനപ്പിഴ നിങ്ങളുടെ കൂടെയുള്ളത് തന്നെയാകുന്നു. നിങ്ങൾക്ക് ഉൽബോധനം നൽകപ്പെട്ടാൽ ഇതാണോ (നിങ്ങളുടെ നിലപാട്?) എന്നാൽ നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനത തന്നെയാകുന്നു" (ക്വുർആൻ 36:18,19).

സ്വാലിഹ് നബി(عليه السلام)യുടെ ജനതയെ കുറിച്ച് ക്വുർആൻ പറയുന്നു: "അവർ പറഞ്ഞു: നീ മൂലവും നിന്റെ കൂടെയുള്ളവർ മൂലവും ഞങ്ങൾ ശകുനപ്പിഴയിലായിരിക്കുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ശകുനം അല്ലാഹുവിങ്കൽ രേഖപ്പെട്ടതത്രെ. അല്ല, നിങ്ങൾ (ദൈവികമായ) പരീക്ഷണത്തിന് വിധേയരാകുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 27:47).

നബിﷺയുടെ കാലഘട്ടത്തിലുണ്ടായിരുന്ന അവിശ്വാസികളും ഒട്ടും വ്യത്യസ്തരല്ലായിരുന്നു.സ്വഫർ, ശവ്വാൽ മാസങ്ങളിൽ വിവാഹം നടത്തൽ പോലുള്ളവ നല്ലതല്ലെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. അത്തരം വിശ്വാസങ്ങൾ മൂഢധാരണകളാണെന്ന് നബിﷺ ഉദ്ബോധിപ്പിച്ചു.

ഇബ്നു മസ്ഊദ്ؓവിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "ലക്ഷണം നോക്കൽ ശിർക്കാ

ണ്.... അവിടുന്ന് ഇത് മൂന്ന് പ്രാവിശ്യം ആവർത്തിച്ചു"(അബൂദാവൂദ്).

'ലക്ഷണം നോക്കലില്ല' എന്നും ഇമാം ബുഖാരി ﵀ ഉദ്ധരിച്ച ഹദീസിലുണ്ട്. നബി ﷺ ആഇശ ﵂ യുമായി വീട് കൂടിയത് ശവ്വാലിലായിരുന്നു. അബൂസലമ ﵁ സൈന്യത്തെ ബനൂഅസദിലേക്കും മുഹമ്മദ് ബ്നു മുസ്‌ലമയെ നജ്ദിലേക്കും നിയോഗിച്ചയച്ചതും നബി ﷺ ഖൈബറിലേക്ക് പുറപ്പെട്ടതും മുഹർറംമാസത്തിലായിരുന്നു.

മുആവിയതുബ്നുൽ ഹകം(റഹി) പറയുന്നു: "ഞാൻ പറഞ്ഞു: ഞങ്ങളിൽ ശകുനം നോക്കുന്നവരുണ്ട് (അതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?). നബി ﷺ പറഞ്ഞു: 'അത് അവരുടെ ഹൃദയങ്ങളിലുണ്ടാക്കുന്ന ചില തോന്നലുകളാണ്. അത് അവരെ (വിചാരിച്ച കാര്യങ്ങളിൽ നിന്ന്) തടയാതിരിക്കട്ടെ" (മുസ്‌ലിം).

ദുശ്ശകുനത്തിന്റെ പേരിൽ ഒരു നല്ല കർമവും ചെയ്യാതിരിക്കുക എന്നത് സത്യവിശ്വാസിക്ക് യോജിച്ചതല്ല എന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടും ഇക്കൂട്ടർ ആ തെളിവുകളെ കണ്ടില്ലെന്ന് നടിക്കുകയാണ്. അല്ലെങ്കിൽ ഇവർ എല്ലാവിധ ദുശ്ശകുന ചിന്തകൾക്കെതിരിലും ശബ്ദിക്കുമായിരുന്നു.

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "ആശൂറാഅ് ദിനത്തിൽ കർബലയിൽ രക്തം ചിന്തപ്പെട്ടുവെന്നത് കൊണ്ട് ആ ദിവസത്തിന്റെ പുണ്യം ഇല്ലാതാകില്ല. അതു കാരണം ദുശ്ശകുനമോ നഹ്സിന്റെ ദിനമോ ആകുന്നില്ല" (പേജ് 33).

ഇവിടെ സ്വാഭാവികമായും ഉണ്ടാകുന്ന ചില സംശയങ്ങളുണ്ട്:

1. നഹ്സ് വാദത്തിനായി ഇതുവരെയും നടത്തിയ പ്രമാണ ദുർവ്യാഖ്യാനങ്ങളുടെ വിധിയെന്ത്?

2. ഇസ്‌ലാമിക ചരിത്രത്തെ വളച്ചൊടിച്ചതിന്റെ അവസ്ഥയെന്ത്?

3. മതനിയമമല്ലാത്ത ഒന്നിനെ മതമാക്കി അവതരിപ്പിച്ചതിന്റെ ഉദ്ദേശ്യമെന്ത്?

4. നബി ﷺ യുടെ മേൽ കളവ് പറഞ്ഞത് എന്തിനായിരുന്നു?

5. സ്വഹാബത്തിനെ കൂട്ടുപിടിച്ച് നഹ്സ് വാദം സ്ഥാപിക്കാൻ നോക്കിയതിലെ താൽപര്യമെന്ത്?

6. അറിവില്ലാത്തവരെ പറഞ്ഞ് പറ്റിച്ചതിന് പരിഹാരമെന്ത്?

7. അഹ്‌ലുസ്സുന്നയുടെ പണ്ഡിതരിൽ നിന്ന് ഇതിന്നായി കൂട്ടുപിടിച്ചവരുടെ നിരപരാധിത്വം തെളിയിക്കാൻ സമസ്ത തയ്യാറാകുമോ?

8. ദുശ്ശകുന വിശ്വാസം പറഞ്ഞും പഠിപ്പിച്ചും ജീവിച്ചിരുന്ന ശാലിയാത്തിയടക്കമുള്ള മുൻകാല നേതാക്കന്മാരെ സംബന്ധിച്ച് ഇവരുടെ നിലപാടെന്ത്?

9. ഈ വിശ്വാസം ഇസ്‌ലാമികമാണെന്ന ധാരണയിൽ ജീവിച്ച് മരണപ്പെട്ടവരുടെ പരലോകത്തിലെ അവസ്ഥയെന്ത്?

10. നഹ്സ് സ്ഥാപിക്കാൻ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ തിരുത്തുമോ അതോ പിൻവലിക്കുമോ?

ഹുസൈൻ ﵁ വിന്റെ പേരിൽ ശിയാക്കൾ നടത്തിക്കൊണ്ടിരിക്കുന്ന ജാറാഘോഷ പരിപാടികളെ മുമ്പ് സമസ്തക്കാർ വാനോളം പ്രശംസിച്ചെഴുതിയത് കാണുക:

"യാ ഹുസൈൻ, യാ സിബ്ത്തന്നബി എന്ന് വിളിച്ച് മഖ്ബറക്കരികിൽ തങ്ങളുടെ ആവശ്യങ്ങളും പ്രതിസന്ധികളും എണ്ണിപ്പറഞ്ഞു ചോദിക്കുകയാണ് ആയിരക്കണക്കിന് വിശ്വാസികൾ. മുസ്‌ലിം ലോകം ആ തിരുസന്നിധിയിൽ തീർക്കുന്ന പ്രവാചക സ്നേഹത്തിന്റെ പ്രകടനങ്ങൾക്കു മുമ്പിൽ ഞങ്ങൾ ഒന്നും അല്ലാതാവുന്നതുപോലെ തോന്നി. മൗലിദുകൾ, പ്രവാചക പ്രകീർത്തനങ്ങൾ, നശീദകൾ, സ്വലാത്തുകൾ, ക്വുർആൻ പാരായണം, സിയാറത്ത്, പ്രാർഥന തുടങ്ങി സജീവമായ മഖ്ബറയും പരിസരവും ഇപ്പോഴും മനസ്സിൽ ഒരു ആത്മസംതൃപ്തിയുടെ ഇടമായി നിലകൊള്ളുകയാണ്" (അൽഇർഫാദ് മാസിക, 2009 ഡിസംബർ, പേജ്, 22).

സാമ്പത്തിക നേട്ടം ലക്ഷ്യമാക്കി ബിദ്അത്തുകൾ കൊണ്ടുനടക്കുന്നവർക്ക് അതിൽ നിന്ന് പെട്ടെന്നൊന്നും വിട്ടുനിൽക്കാൻ കഴിയില്ല. ദുശ്ശകുന വാദം മുഴുവനായും കർബലയുടെ പേരിലുള്ള കാട്ടിക്കൂട്ടലുകളും പാടെ വർജിക്കുവാൻ സമസ്ത തയ്യാറാകേണ്ടതുണ്ട്. അതിൽ മൂടുറച്ച അണികളെ സത്യം ധരിപ്പിക്കാതെ ഞങ്ങൾക്ക് അങ്ങനെയൊരു വാദവും വിശ്വാസവുമില്ല എന്ന് സംവാദവേദികളിലും മറുപടി പ്രസംഗങ്ങളിലും ഉയർത്തിപ്പിടിച്ചുകാണിക്കാനുള്ള തെളിവിനായി മാത്രം സ്വന്തം പ്രസിദ്ധീകരണത്തിൽ നിഷേധരൂപത്തിൽ ലേഖനമെഴുതിയതുകൊണ്ട് കാര്യമില്ല.

അല്ലാഹു പറയുന്നു: "നാമവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കി കൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്. എന്നാൽ പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും (സത്യം ജനങ്ങൾക്ക്) വിവരിച്ചുകൊടുക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാണ്. ഞാൻ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 2:159,160).

വിവർത്തനം

ഹുസൈൻ ഇബ്നു അബ്ദുൽ അസീസ് ആലുശൈഖ്
വിവ: സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി



# ഭരണവും നേതൃത്വവും ഉത്തരവാദിത്തമാണ്

(18/3/2011ന് മസ്ജിദുന്നബവിയിൽ നടത്തിയ ഖുത്വുബയുടെ വിവർത്തനം)

മുസ്‌ലിം സഹോദരങ്ങളേ, ഭരണരംഗത്തും നേതൃരംഗത്തും ഏൽപിക്കപ്പെട്ട അമാനത്തുകൾ അതിന്റെ മുഴുവൻ മേഖലകളിലും കാത്ത് സൂക്ഷിക്കുകയെന്നതും, ചതിയും വഞ്ചനയും പാടെ ഉപേക്ഷിക്കുകയെന്നതും ഈ ദീനിന്റെ മഹത്തായ അടിസ്ഥാന നിയമങ്ങളിൽ പെട്ടതാകുന്നു. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞ് കൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്" (8:27).

നബിﷺ പറഞ്ഞു: "നിങ്ങളെല്ലാവരും ഭരണകർത്താക്കളാണ്, തങ്ങളുടെ ഭരണീയരെ സംബന്ധിച്ച് ഓരോരുത്തരും ചോദ്യം ചെയ്യപ്പെടുന്നതാണ്. ഇമാം ഭരണകർത്താവാണ്, അദ്ദേഹം തന്റെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടും" (ബുഖാരി, മുസ്‌ലിം).

മേൽ സൂചിപ്പിക്കപ്പെട്ട അടിസ്ഥാന നിയമങ്ങൾ പാലിക്കുന്നതിൽ സംഭവിച്ചിട്ടുള്ള പിഴവു കാരണമാണ് ആധുനിക കാലഘട്ടത്തിൽ സമുദായത്തെയും മനുഷ്യരെ പൊതുവിലും ബാധിച്ചിട്ടുള്ള സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക അരാജകത്വവും അപകടങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടുള്ളത്. ഏൽപിക്കപ്പെട്ട അമാനത്തുകളിൽ വീഴ്ച വന്നത് കാരണത്താൽ എത്രയെത്ര രാജ്യങ്ങളിലാണ് അക്രമങ്ങളും ജീവനാശവും സാമ്പത്തിക നഷ്ടവും ദുരന്തങ്ങളും ഉണ്ടായിട്ടുള്ളത്!

വളരെ പ്രധാനപ്പെട്ട ഒന്നാണ് ഭരണ നേതൃത്വ രംഗത്തെ അമാനത്തുകൾ. അത് ഏത് മേഖലയിലാണെങ്കിലും, ചെറുതും വലിയതുമായവയാണെങ്കിലും കൃത്യമായി പാലിക്കേണ്ടതുണ്ട്. അത്കൊണ്ട് തന്നെയാണ് ഈ വിഷയത്തെ സംബന്ധിച്ച് ഇസ്‌ലാമിൽ കർക്കശമായ നിയമങ്ങളും വ്യവസ്ഥകളും ശരീഅത്ത് അനുശാസിക്കുന്നത്. അബൂദർറ്ﷺവിന്റെ സംഭവം നാം ശ്രദ്ധിക്കുക:

അബൂദർറ്ﷺവിൽ നിന്ന്; ഞാൻ പറഞ്ഞു: "തിരുദൂതരേ, എന്നെ നിങ്ങൾ ചുമതലയേൽപിക്കുന്നില്ലയോ?" അപ്പോൾ നബിﷺ തന്റെ കൈകൊണ്ട് എന്റെ ചുമലിൽ തട്ടിക്കൊണ്ട് പറയുകയുണ്ടായി: "ഓ, അബൂദർറ്! താങ്കൾ ദുർബലനാണ്. തീർച്ചയായും അത് അമാനത്താണ്. തീർച്ചയായും പദവികളും സ്ഥാനങ്ങളും അർഹമായ രൂപത്തിൽ ലഭിക്കുകയും അർഹമായ രൂപത്തിൽ അത് നിറവേറ്റുകയും ചെയ്യാത്തവർക്കത് പരലോകത്ത് നിന്ദ്യതയും ഖേദവുമായിരിക്കും" (മുസ്‌ലിം).

അബൂഹുറയ്റﷺയിൽ നിന്ന്; നബിﷺ പറയുകയുണ്ടായി: "നേതൃത്വത്തിന് വേണ്ടി നിങ്ങൾ അത്യാഗ്രഹം കാണിക്കുക തന്നെ ചെയ്യുന്നതാണ്; എന്നാൽ അത് പരലോകത്ത് ഖേദം തന്നെയായിരിക്കും" (ബുഖാരി).

ഈ അടിസ്ഥാനത്തിൽ, മുഴുവൻ ഭരണവും നേതൃത്വവും കൃത്യമായ കൽപനകളും വിരോധങ്ങളും ഉൾകൊള്ളുന്ന ചട്ടക്കൂടുകൾക്ക് വിധേയമായിട്ടായിരിക്കണം മുന്നോട്ട് കൊണ്ടുപോകേണ്ടതെന്ന് മഹത്തായ ശരീഅത്ത് നിർദേശിക്കുന്നുണ്ട്. എപ്പോഴെല്ലാം ഈ കാര്യങ്ങൾ പരിഗണിക്കപ്പെടുകയും പരലോക ഭയം ഉണ്ടാവുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം അമാനത്ത് അതിന്റെ പരിപൂർണ രൂപത്തിൽ നിർവഹിക്കപ്പെടുകയും, ഭരണം അതിന്റെ വ്യത്യസ്ത മേഖലകളിലും നന്മ പ്രദാനം ചെയ്യുകയും, വ്യത്യസ്ത തിന്മകളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നതാണ്. അപ്പോൾ അതിന്റെ പര്യവസാനം സ്തുത്യർഹവും ചരിത്രം നല്ലതും ഫലങ്ങൾ തൃപ്തികരവുമായിരിക്കും.

മുസ്‌ലിം സഹോദരങ്ങളേ, ഭരണനേതൃത്വ രംഗങ്ങളിൽ പാലിക്കേണ്ട ചട്ടക്കൂടുകളിൽ പെട്ട ഒരു കാര്യമാണ് ഭരണകർത്താക്കളോ, വിധികർത്താക്കളോ ആയവർ തങ്ങളിൽ ഏൽപിക്കപ്പെട്ട മുഴുവൻ മേഖലകളിലും പരിപൂർണ നീതി നടപ്പാക്കൽ അനിവാര്യമാകുന്നു എന്നത്. അതാണ് ക്വുർആൻ പറയുന്നത്:

"ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും" (28:83).



**അടിസ്ഥാന നിയമങ്ങൾ പാലിക്കുന്നതിൽ സംഭവിച്ചിട്ടുള്ള പിഴവു കാരണമാണ് ആധുനിക കാലഘട്ടത്തിൽ സമുദായത്തെയും മനുഷ്യരെ പൊതുവിലും ബാധിച്ചിട്ടുള്ള സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക അരാജകത്വവും അപകടങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടുള്ളത്. ഏൽപിക്കപ്പെട്ട അമാനത്തുകളിൽ വീഴ്ച വന്നത് കാരണത്താൽ എത്രയെത്ര രാജ്യങ്ങളിലാണ് അക്രമങ്ങളും ജീവനാശവും സാമ്പത്തിക നഷ്ടവും ദുരന്തങ്ങളും ഉണ്ടായിട്ടുള്ളത്! വളരെ പ്രധാനപ്പെട്ട ഒന്നാണ് ഭരണ നേതൃത്വ രംഗത്തെ അമാനത്തുകൾ. അത് ഏത് മേഖലയിലാണെങ്കിലും, ചെറുതും വലിയതുമായവയാണെങ്കിലും കൃത്യമായി പാലിക്കേണ്ടതുണ്ട്. അത്കൊണ്ട് തന്നെയാണ് ഈ വിഷയത്തെ സംബന്ധിച്ച് ഇസ്‌ലാമിൽ കർക്കശമായ നിയമങ്ങളും വ്യവസ്ഥകളും ശരീഅത്ത് അനുശാസിക്കുന്നത്.**

ഉത്തരവാദിത്തം ഏൽപിക്കപ്പെട്ട മേഖലകളിലും നേതൃത്വമേൽപിക്കപ്പെട്ട രംഗങ്ങളിലും നീതി പ്രവർത്തിക്കുന്നവരെ അല്ലാഹുവിന്റെ തിരുദൂതർﷺ പുകഴ്ത്തിതായി കാണാം. അല്ലാഹുവിന്റെ തണലല്ലാതെ മറ്റാരുടെയും തണൽ ലഭിക്കാത്ത സന്ദർഭത്തിൽ അല്ലാഹു തണൽ നൽകി ആദരിക്കുന്ന ഏഴ് വിഭാഗങ്ങളിൽ ഒന്ന് പറഞ്ഞിരിക്കുന്നത് 'നീതിമാനായ ഭരണാധികാരി'യെയാകുന്നു. (ബുഖാരി, മുസ്‌ലിം).

അബ്ദുല്ലാഹ് ഇബ്നു അംറുബ്നുൽ ആസ്ؓ തന്റെ പിതാവിൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ റസൂൽﷺ പറയുകയുണ്ടായി: "തീർച്ചയായും നീതി നടപ്പിലാക്കുന്നവർ അല്ലാഹുവിന്റെയടുത്ത് പ്രകാശം കൊണ്ടുള്ള മിമ്പറുകളിലായിരിക്കും; തങ്ങളുടെ വിധികളിലും കുടുംബങ്ങളിലും പ്രജകളിലും നീതി നടപ്പാക്കുന്നവർ"(മുസ്‌ലിം).

ഭരണ നേതൃത്വ രംഗങ്ങളിൽ ശരീഅത്ത് അനുശാസിക്കുന്ന അടിസ്ഥാന നിയമങ്ങളിൽ പെട്ടതാണ് അനീതി കടന്നുവരുന്ന മുഴുവൻ മേഖലകളെയും സൂക്ഷിക്കുകയെന്നത്. അല്ലാഹു പറഞ്ഞതായി നബിﷺ അറിയിക്കുന്നു:

"എന്റെ അടിമകളേ, അനീതി ഞാൻ സ്വയം തന്നെ നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാനതിനെ നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾ അനീതി ചെയ്യരുത്."

മുആദ്ؓവിനെ യമനിലേക്ക് നിയോഗിച്ച വേളയിൽ റസൂൽﷺ നൽകുന്ന നിർദേശങ്ങളിൽ നമുക്ക് ഇങ്ങനെ കാണാം:

''അനീതിക്കിരയായവ(അക്രമിക്കപ്പെട്ടവ)ന്റെ പ്രാർഥന നീ സൂക്ഷിക്കുക. കാരണം അവനും (അക്രമിക്കപ്പെട്ടവൻ) അല്ലാഹുവിനുമിടയിൽ മറയുണ്ടായിരിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

മുസ്‌ലിംകളിൽ ഒരു വിഭാഗത്തിന്റെ നേതൃത്വമോ ഭരണമോ ലഭ്യമായതിന് ശേഷം ഏതെങ്കിലും രൂപത്തിലുള്ള അനീതിയോ അക്രമമോ ചെയ്യുന്നതിനെതിരെ നബിﷺ താക്കീത് നൽകുന്നത് കാണുക:

"തീർച്ചയായും അല്ലാഹു അക്രമികൾക്ക് (അവസരങ്ങൾ) നീട്ടികൊടുക്കുന്നതാണ്. എന്നാൽ അവരെ പിടിക്കുകയാണെങ്കിൽ അവർക്ക് ഒരിക്കലും കുതറിമാറാൻ സാധ്യവുമല്ല." ശേഷം ഈ ക്വുർആൻ വചനം പാരായണം ചെയ്യുകയുണ്ടായി:

"വിവിധ രാജ്യക്കാർ അക്രമികളായിരിക്കെ അവരെ പിടികൂടി ശിക്ഷിക്കുമ്പോൾ നിന്റെ രക്ഷിതാവിന്റെ പിടുത്തം അപ്രകാരമാകുന്നു. തീർച്ചയായും അവന്റെ പിടുത്തം വേദനയേറിയതും കഠിനമായതുമാണ്'' (11:102).

മുസ്‌ലിം സമൂഹമേ, മുസ്‌ലിം സമൂഹത്തിന്റെ നേതൃത്വമോ, ഭരണമോ നിങ്ങളുടെ കൈകളിൽ വന്നാൽ നിങ്ങൾ ജനങ്ങളെ ഉപദേശിക്കുകയും അവർക്ക് നൽകുന്ന സേവനങ്ങളിൽ ആത്മാർഥത കാണിക്കുകയും അവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിൽ സത്യസന്ധത കാണിക്കുകയും ചെയ്യുക. നബിﷺ പറയുന്നു:

"ഒരു സമൂഹത്തിന്റെ നേതൃത്വം അല്ലാഹു തന്റെ ഒരു അടിമക്ക് നൽകിയതിന് ശേഷം ആ പ്രജകളെ വഞ്ചിച്ച് കൊണ്ടാണ് അവൻ മരണപ്പെടുന്നതെങ്കിൽ അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കാതിരിക്കുകയില്ല.'' മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയാണുള്ളത്: "തന്റെ സമൂഹത്തിന് ഗുണകാംക്ഷ നൽകുന്നില്ല എങ്കിൽ അവന് സ്വർഗത്തിന്റെ പരിമളം പോലും ലഭിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).



**ഭരണവും നേതൃത്വവും കൃത്യമായ കൽപനകളും വിരോധങ്ങളും ഉൾകൊള്ളുന്ന ചട്ടക്കൂടുകൾക്ക് വിധേയമായിട്ടായിരിക്കണം മുന്നോട്ട് കൊണ്ടുപോകേണ്ടതെന്ന് മഹത്തായ ശരീഅത്ത് നിർദേശിക്കുന്നുണ്ട്. എപ്പോഴെല്ലാം ഈ കാര്യങ്ങൾ പരിഗണിക്കപ്പെടുകയും പരലോക ഭയം ഉണ്ടാവുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം അമാനത്ത് അതിന്റെ പരിപൂർണ രൂപത്തിൽ നിർവഹിക്കപ്പെടുകയും, ഭരണം അതിന്റെ വ്യത്യസ്ത മേഖലകളിലും നന്മ പ്രദാനം ചെയ്യുകയും, വ്യത്യസ്ത തിന്മകളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നതാണ്. അപ്പോൾ അതിന്റെ പര്യവസാനം സ്തുത്യർഹവും ചരിത്രം നല്ലതും ഫലങ്ങൾ തൃപ്തികരവുമായിരിക്കും.**

**മുസ്‌ലിംകളുടെ ഉത്തരവാദിത്തവും നേതൃത്വവും ആർക്കെങ്കിലും ലഭിച്ചാൽ അവർ തങ്ങളുടെ കീഴിലുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും കേൾക്കുകയും ചെയ്യുകയെന്നതും, അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുവാൻ പരിശ്രമിക്കലും, ഏതെല്ലാം രൂപത്തിൽ അവരുടെ അവസ്ഥകൾ ഭംഗിയാക്കാൻ കഴിയുമോ അതിന് വേണ്ടി അധ്വാനിക്കലും, അതിനായി സമയം കണ്ടെത്തലും അനിവാര്യമാണ് എന്നത് ഇസ്‌ലാമിന്റെ ഈ വിഷയത്തിലുള്ള നിയമത്തിൽ പെട്ടതാകുന്നു. നേതൃത്വമേൽപിക്കപ്പെട്ടവർ തങ്ങളുടെ കീഴിലുള്ളവരുടെ അവസ്ഥകളും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിന് യാതൊരുവിധ തടസ്സവും മറയും നേതൃത്വത്തിനും പ്രജകൾക്കുമിടയിൽ ഉണ്ടാക്കുവാൻ പാടില്ല.**

മുസ്‌ലിമിന്റെ റിപ്പോർട്ടിൽ ഉള്ളത് കാണുക: "ഒരു വിഭാഗം മുസ്‌ലിംകളുടെ അമീറായി നിയോഗിക്കപ്പെട്ടതിന് ശേഷം അവരെ ഉപദേശിക്കുവാൻ അവൻ പരിശ്രമിക്കുന്നില്ലായെങ്കിൽ അവൻ അവരോടൊപ്പം സ്വർഗത്തിൽ പ്രവേശിക്കുകയില്ല തന്നെ" (മുസ്‌ലിം).

ഈ രംഗത്തുള്ള, ഇസ്‌ലാമിലെ മറ്റൊരു നിയമമാണ് ഭരണ നേതൃത്വ രംഗത്തുള്ളവർ തങ്ങളുടെ കീഴിലുള്ളവരോട് അനുകമ്പയും ദയയും കരുണയും കാണിക്കുകയെന്നത്.

ആഇശ ﷺ പറയുന്നു: "അല്ലാഹുവിന്റെ ദൂതൻ ﷺ എന്റെ ഈ വീട്ടിൽ വെച്ച് പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'അല്ലാഹുവേ, എന്റെ സമുദായത്തിന്റെ ഏതെങ്കിലും കാര്യത്തിൽ ആർക്കെങ്കിലും നേതൃത്വം ലഭിച്ചതിന് ശേഷം അത് മുഖേന അവരെ പ്രയാസപ്പെടുത്തുകയാണെങ്കിൽ അവന് നീ പ്രയാസവും കുടുസ്സതയും നൽകേണമേ. എന്റെ സമുദയാത്തിന്റെ ഏതെങ്കിലും കാര്യത്തിൽ ആർക്കെങ്കിലും നേതൃത്വം ലഭിച്ചതിന് ശേഷം അത് മുഖേന തന്റെ കീഴിലുള്ളവരോട് കരുണ കാണിക്കുകയാണെങ്കിൽ അവന് നീ കാരുണ്യം നൽകേണമേ" (മുസ്‌ലിം).

ആയിദ്ബ്നു അംറ് ﷺ വിൽ നിന്ന്; അദ്ദേഹം ഉബൈദുല്ലാഇബ്നു സിയാദി ﷺ ന്റെയടുത്ത് പ്രവേശിച്ചപ്പോൾ അദ്ദഹം പറയുകയുണ്ടായി: "എന്റെ കുഞ്ഞുമകനേ, റസൂലുല്ലാഹ് ﷺ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'നേതൃത്വം ലഭിച്ചവരിൽ ഏറ്റവും മോശപ്പെട്ടവർ 'ഹുത്വമ'യുടെ ആളുകളാണ്. നീ അവരിൽ ഉൾപ്പെടുന്നതിനെ സൂക്ഷിക്കുക" (ബുഖാരി, മുസ്‌ലിം).

'ഹുത്വമ' എന്ന് പറഞ്ഞാൽ; 'തന്റെ കീഴിലുള്ളവരോട് പരുഷതയോടെ, കാഠിന്യത്തോടെ, യാതൊരു കരുണയും സൗമ്യതയും കൂടാതെ പെരുമാറുന്നവരാകുന്നു.'

ഒരു വിഭാഗം മുസ്‌ലിംകളുടെ ഉത്തരവാദിത്തവും നേതൃത്വവും ആർക്കെങ്കിലും ലഭിച്ചാൽ അവർ തങ്ങളുടെ കീഴിലുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും കേൾക്കുകയും ചെയ്യുകയെന്നതും, അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുവാൻ പരിശ്രമിക്കലും, ഏതെല്ലാം രൂപത്തിൽ അവരുടെ അവസ്ഥകൾ ഭംഗിയാക്കാൻ കഴിയുമോ അതിന് വേണ്ടി അധ്വാനിക്കലും, അതിനായി സമയം കണ്ടെത്തലും അനിവാര്യമാണ് എന്നത് ഇസ്‌ലാമിന്റെ ഈ വിഷയത്തിലുള്ള നിയമത്തിൽ പെട്ടതാകുന്നു. നേതൃത്വമേൽപിക്കപ്പെട്ടവർ തങ്ങളുടെ കീഴിലുള്ളവരുടെ അവസ്ഥകളും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിന് യാതൊരുവിധ തടസ്സവും മറയും നേതൃത്വത്തിനും പ്രജകൾക്കുമിടയിൽ ഉണ്ടാക്കുവാൻ പാടില്ല.

അബൂമറ്യം അൽ അസദി ﷺ വിൽ നിന്ന്, അദ്ദേഹം മുആവിയ്യ ﷺ വിനോട് പറയുകയുണ്ടായി: 'റസൂലുല്ലാഹ് ﷺ പറയുന്നതായി കേൾക്കുകയുണ്ടായി: 'മുസ്‌ലിംകളുടെ ഏതെങ്കിലും കാര്യത്തിൽ അല്ലാഹു ഒരാളെ ചുമതലയേൽപിച്ചാൽ അവരുടെ ആവശ്യങ്ങൾക്കും, ദാരിദ്ര്യത്തിനുമിടയിൽ മറയിടുകയാണെങ്കിൽ പരലോകത്ത് അല്ലാഹു അവന്റെ ആവശ്യങ്ങൾക്കും, ദാരിദ്ര്യത്തിനുമിടയിൽ മറയിടുന്നതാണ്". അത്കൊണ്ട് തന്നെ മുആവിയ്യ ﷺ ജനങ്ങളുടെ ആവശ്യങ്ങൾ മനസിലാക്കുവാനും നിർവ്വഹിക്കുവാനുമായി ഒരാളെ നിയമിച്ചിരുന്നു" (അബൂദാവൂദ്, തിർമിദി. ഈ ഹദീസിന്റെ സനദ് സ്വഹീഹാകുന്നു).

മുസ്‌ലിം സഹോദരങ്ങളേ, തക്‌വയുള്ള സൽകർമികളെയും നന്മകൾ ചെയ്യുന്ന സൻമാർഗികളെയും തമ്മിൽ അടുപ്പിക്കുകയും അവർക്കിടയിൽ ഐക്യമുണ്ടാക്കുകയും ചെയ്യുകയെന്നതും, കുഴപ്പങ്ങളും ഉപദ്രവങ്ങളും ഉണ്ടാക്കുകയും ദേഹേച്ഛകളെ പിൻതുടരുകയും ചെയ്യുന്നവരെ അകറ്റുകയും അവരെ ഉപദേശിക്കുകയും ചെയ്യുകയെന്നതും ഭരണനേതൃത്വം ലഭിച്ചവരുടെ നിർബന്ധ ബാധ്യതയായിട്ടാണ് ഇസ്‌ലാമിക നിയമങ്ങൾ പഠിപ്പിക്കുന്നത്.

അബൂഹുറയ്റ﵁, അബൂസഈദ്﵁വിൽ നിന്ന്; നബിﷺ പറഞ്ഞു: "രണ്ട് കാര്യങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകാതെ അല്ലാഹു ഒരു നബിയെയും നിയോഗിച്ചിട്ടില്ല; ഒരു ഖലീഫയെയും ഖിലാഫത്ത് ഏൽപിക്കുകയും ചെയ്തിട്ടില്ല. അതിൽ ഒന്ന് നൻമ കൽപിക്കുകയും അതിന് പ്രേരണ നൽകുകയും ചെയ്യുകയെന്നതും, രണ്ടാമത്തേത് തിൻമ ചെയ്യുകയും അതിന് പ്രേരണ നൽകുകയും ചെയ്യുകയെന്നതാണ്. അല്ലാഹു പാപസുരക്ഷിതത്വം നൽകിയവർക്കാണ് പാപസുരക്ഷിതത്വമുള്ളത്"(ബുഖാരി).

ആഇശ﵃ തന്റെ പിതാവിൽ നിന്ന്; അവർ പറയുന്നു: "അല്ലാഹു ഒരു അമീറിന് (നേതാവിന്) നന്മ ചെയ്യാൻ ഉദ്ദേശിച്ചാൽ അവനെ സത്യത്തിന്റെ മന്ത്രിയാക്കും. അവൻ മറന്നുപോയാൽ അവനെ ഓർമിപ്പിക്കും. അവൻ ഓർമിച്ചാൽ അത് ചെയ്യാൻ അവനെ സഹായിക്കും. അല്ലാഹു മറ്റുവല്ലതും അവനെക്കൊണ്ട് ഉദ്ദേശിക്കുകയാണെങ്കിൽ അവനെ ചീത്ത മന്ത്രിയാക്കും. അവൻ മറന്നാൽ ഓർമിപ്പിക്കുകയോ അവൻ ഓർത്താൽ അതിനവനെ സഹായിക്കുകയോ ചെയ്യില്ല" (അബൂദാവൂദ്, നസാഈ. ഈ ഹദീസിന്റെ സനദ് സ്വഹീഹാകുന്നു).

പദവികളും നേതൃത്വവും അത് എത്ര തന്നെ ഉന്നതമായിരുന്നാലും തന്റെ വ്യക്തിപരമായ കാര്യങ്ങൾക്കും ഗുണത്തിനും അതുപയോഗിക്കുകയെന്നത് ഇസ്‌ലാം കർശനമായി നിരോധിച്ചരിക്കുന്നുവെന്നത് ഭരണ നേതൃത്വ രംഗത്തുള്ള ശരീഅത്തിന്റെ അടിസ്ഥാന നിയമങ്ങളിൽ പെട്ടതാകുന്നു.

നബിﷺ പറയുകയുണ്ടായി: "ചിലയാളുകളുണ്ട്; അവർ യാതൊരു അവകാശവും കൂടാതെ അല്ലാഹുവിന്റെ സമ്പത്ത് (പൊതുസ്വത്ത്) അനുഭവിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. അവർക്ക് അവസാന നാളിൽ നരകം തന്നെയായിരിക്കും"(ബുഖാരി).

തന്റെ പദവികളും സ്ഥാനമാനങ്ങളും നേതൃസ്ഥാനവും ഉപയോഗിച്ച് തനിക്ക് അനനുവദനീയമായ പൊതുമുതൽ കരസ്ഥമാക്കുകയോ അനുഭവിക്കുകയോ ചെയ്യുന്നവർ മനുഷ്യരിലേക്കും ജിന്നുകളിലേക്കും നിയുക്തനായ പ്രവാചകൻﷺയുടെ ശക്തമായ താക്കീത് കേൾക്കുക:

"നിങ്ങളിൽ ആരെയെങ്കിലും നാം ഒരു ചുമതലയേൽപിച്ചിട്ട് അതിൽ നിന്ന് ഒരു ചെറിയ സൂചിയോ, അതിനു മുകളിലുള്ളതോ വഞ്ചിച്ചെടുത്താൽ അവസാന നാളിൽ അവനതുമായി വരുന്നതാണ്" (മുസ്‌ലിം).

ഈ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ മറ്റൊരു നിയമമാണ് ഭരണ നേതൃത്വങ്ങളിലുള്ളവർ തങ്ങളുടെ കീഴിലുള്ളവരിൽ നിന്ന് ആത്മാർഥതയോടെ സത്യസന്ധതയോടെ, നൻമയും ഐക്യവും ഉദ്ദേശിച്ച്കൊണ്ട് ശരീഅത്തിന്റെ നിയമങ്ങൾക്ക് വിധേയമായി കാര്യങ്ങളവതരിപ്പിക്കുന്നവർക്ക് ചെവികൊടുക്കലും അവരെ ശ്രദ്ധിക്കലും അവരിൽ നിന്ന് അഭിപ്രായങ്ങൾ ആരായാലും. വിധികർത്താക്കളുടെയെല്ലാം നേതാവായ തിരുദൂതരെ സംബന്ധിച്ച് ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

"(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക്വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്"(3:159).

മുസ്‌ലിം സമൂഹമേ, മുസ്‌ലിംകളുടെ നേതൃത്വവും നായകത്വവും തുടരെ ലഭിച്ചിട്ടുള്ളവരേ! നിങ്ങൾ ആ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും തങ്ങളുടെ കീഴിലുള്ളവരെ തിരഞ്ഞെടുക്കുമ്പോൾ സൂക്ഷ്മത പാലിക്കുകയും ചെയ്യുക. അതുപോലെ തിരഞ്ഞെടുക്കുമ്പോൾ അതിന് യോജിക്കുന്നവരെയും അമാനത്തും പ്രാപ്തിയുമുള്ള നീതി നിർവഹിക്കുകയും ചെയ്യുന്നവരെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുക. വ്യക്തിപരമായ നേട്ടമോ, തുഛമായ ലാഭമോ, മറ്റുവല്ല പ്രേരകങ്ങളോ ഈ കാര്യത്തിൽ ഒരിക്കലും പരിഗണിക്കാതിരിക്കുക. ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറയുന്നു:

"തീർച്ചയായും താങ്കൾ കൂലിക്കാരായി എടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ ശക്തനും വിശ്വസ്തനുമായിട്ടുള്ളവനത്രെ" (28:26).

താഴെ കൊടുക്കുന്ന പ്രസിദ്ധമായ ഒരു വാചകം കൂടി നാം ഓർക്കുക: "ആരെങ്കിലും ഒരു സംഘത്തിന്റെ നേതൃത്വത്തിൽ വരികയും അദ്ദേഹത്തെക്കാൾ അല്ലാഹുവിന് തൃപ്തിയുള്ള പ്രാപ്തനായവൻ അവരിൽ ഉണ്ടാകുകയും ചെയ്താൽ അവൻ അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയും വഞ്ചിച്ചിരിക്കുന്നു." ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



بسم الله الرحمن الرحيم

അധ്യായം: 70, ഭാഗം: 1

# മആരിജ് (കയറുന്ന വഴികൾ)

1. സംഭവിക്കാനിരിക്കുന്ന ഒരു ശിക്ഷയെ ഒരു ചോദ്യകർത്താവ് അതാ ആവശ്യപ്പെട്ടിരിക്കുന്നു.
2. സത്യനിഷേധികൾക്ക് അത് തടുക്കുവാൻ ആരുമില്ല.
3. കയറിപ്പോകുന്ന വഴികളുടെ അധിപനായ അല്ലാഹുവിങ്കൽ നിന്ന് വരുന്ന (ശിക്ഷയെ).
4. അമ്പതിനായിരം കൊല്ലത്തിന്റെ അളവുള്ളതായ ഒരു ദിവസത്തിൽ മലക്കുകളും ആത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു.
5. എന്നാൽ (നബിയേ,) നീ ഭംഗിയായ ക്ഷമ കൈക്കൊള്ളുക.
6. തീർച്ചയായും അവർ അതിനെ വിദൂരമായി കാണുന്നു.
7. നാം അതിനെ അടുത്തതായും കാണുന്നു.

سَأَلَ سَآئِلُۢ بِعَذَابٖ وَاقِعٖ ﴿١﴾
لِّلۡكَٰفِرِينَ لَيۡسَ لَهُۥ دَافِعٞ ﴿٢﴾
مِّنَ ٱللَّهِ ذِي ٱلۡمَعَارِجِ ﴿٣﴾
تَعۡرُجُ ٱلۡمَلَٰٓئِكَةُ وَٱلرُّوحُ إِلَيۡهِ فِي يَوۡمٖ
كَانَ مِقۡدَارُهُۥ خَمۡسِينَ أَلۡفَ سَنَةٖ ﴿٤﴾
فَٱصۡبِرۡ صَبۡرٗا جَمِيلًا ﴿٥﴾
إِنَّهُمۡ يَرَوۡنَهُۥ بَعِيدٗا ﴿٦﴾
وَنَرَىٰهُ قَرِيبٗا ﴿٧﴾

സത്യത്തോട് എതിർപ്പ് കാണിക്കുന്നവരുടെ അജ്ഞതയെയും, പരാജയപ്പെടുത്താനും ബുദ്ധിമുട്ടിക്കാനും പരിഹസിക്കാനുമായി അല്ലാഹുവിന്റെ ശിക്ഷക്ക് ധൃതി കാണിക്കുന്നതിനെയും കുറിച്ചാണ് അല്ലാഹു ഇവിടെ വ്യക്തമാക്കുന്നത്. (ഒരു ചോദ്യകർത്താവ് അതാ ആവശ്യപ്പെട്ടിരിക്കുന്നു) വിളിക്കുന്നൊരാൾ വിളിക്കുന്നു. വിജയം തേടുന്നൊരാൾ വിജയം തേടുന്നു. (സത്യനിഷേധികൾക്ക് വരുന്നതായ ഒരു ശിക്ഷയെ) അവരുടെ ധിക്കാരം കൊണ്ടും നിഷേധം കൊണ്ടും അവരതിനർഹരാണ്. (തടുക്കാൻ ആരുമില്ലാത്തതും. അല്ലാഹുവിൽ നിന്നുള്ളത്). ബഹുദൈവാരാധകരിൽ നിന്ന് ധിക്കാരം കാണിക്കുന്നൊരാൾ ധൃതികാണിക്കുന്ന ഈ ശിക്ഷ ഇറങ്ങുന്നതിന് മുമ്പോ ശേഷമോ അതിനെ തടുക്കുന്ന ഒരാളുമില്ല. മുശ്‌രിക്കുകളിൽ പെട്ട നള്‌റുബ്നു ഹാരിസുൽ ഖുറശിയോ മറ്റാരെങ്കിലുമോ ശിക്ഷക്കു വേണ്ടി പ്രാർഥിച്ചപ്പോഴാണ് ഇത് പറഞ്ഞത്.

ٱللَّهُمَّ إِن كَانَ هَٰذَا هُوَ ٱلْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ ٱلسَّمَآءِ أَوِ ٱئْتِنَا بِعَذَابٍ أَلِيمٍ ﴿٣٢﴾

"അല്ലാഹുവേ ഇതു നിന്റെ പക്കൽ നിന്നുള്ള സത്യമാണെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്ത് നിന്ന് കല്ല് വർഷിക്കുകയോ അല്ലെങ്കിൽ ഞങ്ങൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ടുവരികയോ ചെയ്യുക." (8:32).

അപ്പോൾ അല്ലാഹുവിൽ നിന്നുള്ള ശിക്ഷ വർഷിക്കൽ നിർബന്ധമാണ്. ഒന്നുകിൽ അത് ഇഹലോകത്ത് വെച്ചുതന്നെ അവൻ നൽകും. അല്ലെങ്കിൽ പരലോകത്തേക്ക് കാത്തുവെക്കും. അല്ലാഹുവിനെയും അവന്റെ മഹത്ത്വത്തെയും അധികാരത്തിന്റെ വിശാലതയെയും നാമ ഗുണവിശേഷണങ്ങളുടെ പൂർണതയെയും അവർ ശരിയായ വിധം മനസ്സിലാക്കിയിരുന്നെങ്കിൽ അവർ ശിക്ഷക്കു വേണ്ടി ധൃതി കാണിക്കുകയോ ചെയ്യാതെ കീഴൊതുങ്ങുകയും മര്യാദ കൈക്കൊള്ളുകയോ ചെയ്യുമായിരുന്നു. അവരുടെ മോശമായ വാക്കുകൾക്ക് പകരം അല്ലാഹു അവന്റെ മഹത്ത്വത്തെ കുറിച്ചാണ് പറയുന്നത്. (കയറിപ്പോകുന്ന വഴികളുടെ അധിപൻ. മലക്കുകളും ആത്മാവും അവങ്കലേക്ക് പോകുന്നു). അതായത് ഔന്നത്യവും മഹത്ത്വവും ശ്രേഷ്ഠതയുമുള്ളവനും മറ്റു സൃഷ്ടികളെ നിയന്ത്രിക്കുന്നവനും. കാര്യങ്ങളുടെ നിയന്ത്രണങ്ങൾക്കു വേണ്ടി നിശ്ചയിച്ച മലക്കുകൾ കയറിപ്പോകുന്നത് അവങ്കലേക്കാണ്. ആത്മാവും അവങ്കലേക്ക് കയറുന്നു. ഇതിൽ എല്ലാ വർഗത്തിന്റെയും ആത്മാവ് ഉൾക്കൊള്ളുന്നു. നല്ലതും ചീത്തയുമായതെല്ലാം. മരണസമയത്താണ് ഇത് സംഭവിക്കുന്നത്. എന്നാൽ നല്ലവരുടെ ആത്മാവ് അല്ലാഹുവിലേക്ക് കയറിപ്പോകുന്നു. ആകാശങ്ങളിൽ നിന്ന് ആകാശങ്ങളിലേക്ക് അതിന് അനുമതി ലഭിക്കുന്നു. അവസാനമത് അല്ലാഹുവുള്ള ആകാശത്തിലെത്തുന്നു. അതിന്റെ രക്ഷിതാവിന് അത് അഭിവാദ്യമർപ്പിക്കുന്നു. സലാം പറയുന്നു. അവന്റെ സാമീപ്യം നേടുന്നു. അവന്റെ സാമീപ്യത്താൽ സന്തോഷം കൊള്ളുന്നു. അവനിൽ നിന്നും അതിന് പ്രശംസയും ആദരവും നന്മയും മഹത്ത്വവും ലഭിക്കുന്നു. എന്നാൽ അധർമകാരികളുടെ ആത്മാവുകളാവട്ടെ, അതും കയറിപ്പോകും. പക്ഷേ, ആകാശത്തിലെത്തിയാൽ അത് സമ്മതം ചോദിക്കും. പക്ഷേ, അതിന് സമ്മതം നൽകപ്പെടുകയില്ല. ഭൂമിയിലേക്ക് തന്നെ മടക്കപ്പെടുകയും ചെയ്യും.

പിന്നീട് മലക്കുകളും ആത്മാവും അല്ലാഹുവിലേക്ക് കയറിപ്പോകുന്ന വഴിദൂരത്തെ കുറിച്ചാണ് പറയുന്നത്. കാരണങ്ങൾ അനുകൂലമാകുന്ന ഒരു ദിവസത്തിൽ അവ കയറിപ്പോകുന്നു. സഞ്ചാരവേഗതയും ഭാരക്കുറവും വലിപ്പക്കുറവുമെല്ലാം അതിന് സഹായകമാവുന്നു. സാധാരണ കണക്കനുസരിച്ച് സഞ്ചാരദൂരം അമ്പതിനായിരം വർഷത്തെ വഴിദൂരമുണ്ടെങ്കിലും. കയറ്റം തുടങ്ങുന്നതു മുതൽ എത്തുന്നതു വരെയുള്ള ദൂരത്തിന് പരിധിയില്ല. ഉപരിലോകം അവസാനിക്കുന്നതിന്റെ ദൂരത്തിനും. ഈ മഹത്തായ ആധിപത്യത്തിന്റെയും താഴെയും മേലെയും വിശാലമായ മഹാലോകത്തിന്റെയുമെല്ലാം സൃഷ്ടിപ്പും നിയന്ത്രണവുമെല്ലാം അത്യുന്നതനായവനാകുന്നു. അവനാകട്ടെ, അവരുടെ ബാഹ്യവും ആന്തരികവുമായ അവസ്ഥകളും താമസസ്ഥലങ്ങളും സൂക്ഷിപ്പുസ്ഥലങ്ങളും അറിയുന്നു. ഒന്നിച്ചും പൊതുവായും അവന്റെ കാരുണ്യവും ഗുണവും സഹായവും അവർക്കെത്തിക്കുന്നു. വിധിപരവും മതപരവും പ്രതിഫലപരവുമായ അവന്റെ തീരുമാനങ്ങൾ അവൻ അവരിൽ നടപ്പാക്കുന്നു. അതിനാൽ അവന്റെ മഹത്ത്വം മനസ്സിലാക്കാത്ത ജനതയുടെ കാര്യം മഹാകഷ്ടം. അവർ അവനെ കണക്കാക്കേണ്ട വിധം കണക്കാക്കിയിട്ടില്ല. പരീക്ഷണത്തിനും തോൽപിക്കാനും വേണ്ടി അവർ ശിക്ഷക്ക് ധൃതി കാണിക്കുന്നു. സഹനശീലനായ മഹാ പരിശുദ്ധൻ അവർക്കു വേണ്ടത്ര സാവകാശം നൽകി. അവർ അവനെ ദ്രോഹിച്ചപ്പോഴും അവരോട് ക്ഷമിക്കുകയും അവർക്ക് സൗഖ്യവും ഉപജീവനവും നൽകുകയും ചെയ്തു.

ഈ പറഞ്ഞതാണ് ഒരു വ്യാഖ്യാനം. ഈ ലോകത്ത് വെച്ചുള്ള കയറിപ്പോക്ക് കൊണ്ട് ഉദ്ദേശ്യം ഇതാവാം. സന്ദർഭം അതാണ് അറിയിക്കുന്നത്. ഇത് ഉയിർത്തെഴുന്നേൽപുനാളിനെയാവാനും സാധ്യതയുണ്ട്. കാരണം അല്ലാഹു അന്ത്യദിനത്തിൽ അവന്റെ മഹത്ത്വവും ഔന്നത്യവും തന്റെ അടിമ

കൾക്ക് അത് വെളിവാക്കിക്കൊടുക്കും. ആത്മാവുകളും മലക്കുകളും കയറിപ്പോകുമ്പോൾ കാണുന്ന അറിവിനെക്കാൾ വലിയ തെളിവ് അതാണ്. കേറലും ഇറങ്ങലുമെല്ലാം ദൈവികമായ നിയന്ത്രണങ്ങളിലും ദൈവിക സംരക്ഷണത്തിന്റെയും പ്രകൃതിയിലും പെട്ട കാര്യങ്ങളാണ്. (അൻപതിനായിരം കൊല്ലത്തിന്റെ അളവുള്ളതായി ഒരു ദിവസത്തിൽ) അതിന്റെ ദൈർഘ്യത്താലും കാഠിന്യത്താലും വിശ്വാസിക്ക് അല്ലാഹു അത് ലഘൂകരിക്കും.

5-6). (എന്നാൽ (നബിയേ നീ ഭംഗിയായി ക്ഷമ കൈക്കൊള്ളുക). നിന്റെ ജനതക്കുള്ള പ്രബോധനത്തിൽ നീ ഭംഗിയായി ക്ഷമിക്കുക. അതിൽ മടുപ്പോ വെറുപ്പോ നിനക്കുണ്ടാകരുത്. അല്ലാഹുവിന്റെ കൽപനകളിൽ നീ നിലനിൽക്കുക. അവന്റെ അടിമകളെ അവന്റെ ഏകത്വത്തിലേക്ക് ക്ഷണിക്കുക. താൽപര്യപ്പെടാത്തതോ കീഴ്പ്പെടാത്തതോ കാണുമ്പോൾ അവരിൽ നിന്ന് നിന്നെയത് തടയരുത്.

തീർച്ചയായും അതിൽ ക്ഷമ കൈക്കൊള്ളുന്നതിൽ ധാരാളം നന്മയുണ്ട്. (തീർച്ചയായും അവർ അതിനെ വിദൂരമായി കാണുന്നു. നാം അതിനെ അടുത്തതായും കാണുന്നു. ശിക്ഷയെ ആവശ്യപ്പെട്ടവർക്കുള്ള ശിക്ഷ നിലകൊള്ളുന്ന ഉയിർത്തെഴുന്നേൽപിലേക്കാകാം 'അതിനെ' എന്നതിലെ അത് എന്നത് മടങ്ങുന്നത്. യഥാർഥത്തിലവർ നിഷേധിക്കുന്നവർ തന്നെയാണ്. ദൗർഭാഗ്യവും മത്തും അവനെ കീഴ്പ്പെടുത്തി. അപ്പോൾ മുമ്പിലുള്ള ഉയിർത്തെഴുന്നേൽപും ഒരുമിച്ചു കൂട്ടലുമെല്ലാം അവർക്ക് വിദൂരമായി തോന്നി. അല്ലാഹുവാകട്ടെ, അതിനെ അടുത്തതായി കാണുന്നു. കാരണം അവൻ വാൽസല്യമുള്ളവനും സഹനശീലനുമാണ്. അവൻ ധൃതി കാണിക്കുകയില്ല. സംഭവിക്കുമെന്നവനറിയാം. എല്ലാം വരാൻ പോകുന്നവയും അടുത്താണ്. പിന്നീട് ആ ദിവസത്തിന്റെ ഭയാനകതയും അന്നുണ്ടാകാൻ പോകുന്ന കാര്യങ്ങളുമാണ് പറയുന്നത്. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇൻസൈറ്റ്**
**വായിക്കാൻ ആഹ്വാനം ചെയ്യുന്ന ഗ്രന്ഥം**
**മുജാഹിദ് ബാലുശ്ശേരി**
21.10.19 തിങ്കൾ 6:30 PM

**ഹൃദയ വസന്തം**
**സൂറ: അന്നജ്മ് 22,23**
**ശുറൈഹ് സലഫി**
21.10.19 തിങ്കൾ 07:45 AM

**ഇ - മദ്രസ**
**വുദൂഇന്റെ ശ്രേഷ്ഠത**
**ഹസ്സൻ അൻസാരി**
22.10.19 ചൊവ്വ 07:10 AM

**ഇൻസൈറ്റ്**
**നിഷ്ഠയുള്ള മുസ്‌ലിം തീവ്രവാദിയാക്കിയാകില്ല**
**താജുദ്ദീൻ സ്വലാഹി**
22.10.19 ചൊവ്വ 6:30 PM

**ഹൃദയ വസന്തം**
**സൂറ: ഖാഫ് 8,9**
**അനസ് സ്വലാഹി**
22.10.19 ചൊവ്വ 07:45 AM

**അടിത്തറകൾ**
**മരണാനന്തര ജീവിതത്തെ നിഷേധിച്ചവർ**
**ഫദ്‌ലുൽ ഹഖ് ഉമരി**
22.10.19 ചൊവ്വ 09:00 PM

**വഴികാട്ടി**
**ക്രമീകരണ വൈഭവം**
**നൗഷാദ് കുന്നത്തേടത്ത്**
24.10.19 വ്യാഴം 9:25 PM

**സുപഥം**
**ദിവസങ്ങളും ശകുന്ന പിഴയും: 1**
**ഫൈസൽ മൗലവി**
25.10.2019 വെള്ളി, 09:00 PM

**പൂമരത്തണലിൽ**
**കുഞ്ഞിലെ സംസാരിച്ച കുഞ്ഞ്**
**അൽ ഫഹദ് പൂന്തുറ**
27.10.2019 ഞായർ, 07:10 PM

**ഇലൽ അറബിയ്യ**
**അറബി ഭാഷാ പഠനം, ഭാഗം: 56**
**ഹുസൈൻ പലേക്കോടൻ**
27.10.19 ഞായർ 9:00 PM

അബൂ തൻവീൽ
mail@nerpatham.com

# വിജയിക്കുന്നവർ വിരളം

ഒരിക്കൽ ഉമർ ﷺ ചന്തയിലൂടെ നടക്കുകയായിരുന്നു. അന്നേരം ഒരാൾ ഇങ്ങനെ പ്രാർഥിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു: "അല്ലാഹുവേ, നിന്റെ 'കുറച്ചുള്ള ദാസന്മാരിൽ' എന്നെയും ഉൾപ്പെടുത്തേണമേ." ഈ പ്രാർഥന കേട്ട ഉമർ ﷺ അദ്ദേഹത്തോട് ചോദിച്ചു: 'ഇത് താങ്കൾക്ക് എവിടെ നിന്നും കിട്ടിയതാണ്?' അദ്ദേഹം പറഞ്ഞു: "വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും. '...തികഞ്ഞ നന്ദിയുള്ളവർ എന്റെ അടിമകളിൽ വളരെ അപൂർവമത്രെ" (34:13). അത് കേട്ട ഉമർ ﷺ കരഞ്ഞു കൊണ്ട് പറഞ്ഞു: "ഉമറേ, ജനങ്ങൾ നിന്നെക്കാളും അറിവുള്ളവരത്രെ!"

ഇവിടെ സൂചിപ്പിച്ച 'വളരെക്കുറച്ച് ആളുകൾ' എന്നതിന്റെ മറുവശമാണല്ലോ 'അധികമാളുകൾ' എന്നത്. വിശുദ്ധ ക്വുർആനിൽ കാണുന്ന 'ജനങ്ങളിൽ അധികമാളുകളും,' 'അവരിൽ അധികവും' എന്ന പ്രയോഗങ്ങൾ നാം പരിശോധിക്കുകയാണെങ്കിൽ അതെല്ലാം സത്യമാർഗത്തിൽനിന്ന് അകന്നുജീവിക്കുന്നവരെക്കുറിച്ചാണെന്ന് കാണുവാൻ സാധിക്കും:

"...അല്ലാഹു തന്റെ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല"(12:21). "ആ അന്ത്യസമയം വരാനുള്ളത് തന്നെയാണ്. അതിൽ സംശയമേ ഇല്ല. പക്ഷേ, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല" (40:59). "...തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യമുള്ളവനാകുന്നു. പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല" (40:61).

"...പക്ഷേ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (8:34). "...തന്നെയുമല്ല, അവരിൽ അധികപേർക്കും വിശ്വാസം തന്നെയില്ല" (2:100). "തീർച്ചയായും നിന്റെ രക്ഷിതാവ് മനുഷ്യരോട് ഔദാര്യമുള്ളവൻ തന്നെയാകുന്നു. പക്ഷേ, അവരിൽ അധികപേരും നന്ദികാണിക്കുന്നില്ല" (27:73).

"(നബിയേ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അവരിൽ അധികപേരും ബഹുദൈവാരാധകരായിരുന്നു" (30:42). "...എന്നാൽ അവരിൽ അധികപേരും വിവരക്കേട് പറയുകയായിരുന്നു"(6:111). "...എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു" (3:110). "അല്ലാഹുവിന്റെ അനുഗ്രഹം അവർ മനസ്സിലാക്കുകയും, എന്നിട്ട് അതിനെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്. അവരിൽ അധികപേരും നന്ദികെട്ടവരാകുന്നു"(16:83).

അധികമാളുകളും വഴിപിഴച്ചവരും ധിക്കാരികളുമാണെന്ന് മേലുദ്ധരിച്ച സൂക്തങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം. 'അല്ലാഹുവേ, നിന്റെ കുറച്ചുള്ള ദാസന്മാരിൽ എന്നെയും ഉൾപ്പെടുത്തേണമേ' എന്ന് ആ മനുഷ്യൻ പ്രാർഥിച്ചതിന്റെ പൊരുൾ ഇതിൽ നിന്നും വ്യക്തമാണല്ലോ.

ക്വുർആനിൽ അല്ലാഹു 'കുറച്ച് ആളുകളെ' സംബന്ധിച്ച് പറഞ്ഞുവെച്ചതും നാം പരോശോധനക്ക് വിധേയമാക്കുകയാണെങ്കിൽ ആ വിശേഷണം സദ്വൃത്തരും നന്മ ഉപദേശിക്കുന്നവരും നന്ദിയുള്ളവരും വിജയികളുമായ സത്യവിശ്വാസികളെ കുറിച്ചാണെന്ന് കാണാം. തൊള്ളായിരത്തി അമ്പത് വർഷം അല്ലാഹുവിന്റെ മാർഗത്തിലേക്ക് ജനങ്ങളെ അവിശ്രമം ക്ഷണിച്ച നൂഹ് നബി ﷺ യുടെ കൂടെ വിശ്വാസത്തിലടിയുറച്ച് നിന്നത് വളരെ കുറച്ച് പേർ മാത്രമായിരുന്നല്ലോ. "...അദ്ദേഹത്തോടൊപ്പം 'വളരെ കുറച്ച് പേരല്ലാതെ' വിശ്വസിച്ചിരുന്നില്ല"(11:40).

സൂറതുസ്സ്വാദിൽ ദാവൂദ് നബി ﷺ യുടെ അനുചരന്മാരെ കുറിച്ച് അല്ലാഹു പറഞ്ഞത് വളരെ 'കുറച്ച് പേർ മാത്രം' എന്നായിരുന്നു: "...വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. വളരെകുറച്ച് പേരേയുള്ളു അത്തരക്കാർ" (38:24). പിൽക്കാലത്ത് സത്യവിശ്വാസത്തിലും സൽപ്രവർത്തനങ്ങളിൽ മുന്നേറി ആത്യന്തികം വിജയം കൈവരിക്കുന്നവരെ കുറിച്ച് സൂറഃ വാക്വിഅയിലൂടെ അല്ലാഹു പരിചയപ്പെടുത്തിയതും ഒരു ചെറിയ സംഘത്തെ മാത്രമാണ്. "പിൽക്കാലക്കാരിൽ നിന്ന് കുറച്ച് പേരുമത്രെ അവർ" (56:14).

അന്ത്യനാളിൽ വിജയം ആത്യന്തിക വിജയം കൈവരിക്കാൻ സാധിക്കുന്നവർ ന്യൂനപക്ഷമായിരിക്കുമെന്ന് ഇതെല്ലാം നമുക്ക് വയക്തമാക്കിത്തരുന്നു. ആ കൂട്ടത്തിൽ ഉൾപ്പെടുവാനായിരിക്കട്ടെ നമ്മുടെ പ്രവർത്തനവും പ്രാർഥനയും.

അബൂഫായിദ
mail@nerpatham.com

ഹദീസ് പാഠം

# മൂന്ന് സദ്ഗുണങ്ങൾ

**അബൂഹുറയ്റ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അവന്റെ അയൽവാസിയെ മാനിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അവന്റെ അതിഥിയെ ആദരിച്ചുകൊള്ളട്ടെ" (മുസ്‌ലിം)**

ജീവിതത്തിന്റെ എല്ലാ മേഖലകളിലും വെളിച്ചം പകരുന്ന മതമാണ് ഇസ്‌ലാം. വ്യക്തിജീവിതം നന്നാക്കിത്തീർക്കുന്നതിന് മാത്രമല്ല, വ്യക്തി ഇടപെടുന്ന എല്ലാ മേഖലകളിലും എല്ലാവരോടുമുള്ള ബന്ധം ഊഷ്മളമാക്കുന്നതിനുള്ള നിർദേശങ്ങളും ഇസ്‌ലാം നൽകിയിട്ടുണ്ട്. ഉപരിസൂചിത പ്രവാചക വചനം അതിന് ഒരു ഉദാഹരണമാണ്.

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഓരോ മുസ്‌ലിമും ശ്രദ്ധിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യേണ്ട നിർദേശങ്ങളാണ് ഇതിൽ കാണുവാൻ സാധിക്കുന്നത്. ഇവ പ്രാവർത്തികമാക്കിയാൽ സാമൂഹ്യബന്ധത്തിലുണ്ടാകുന്ന ഗുണപരമായ മാറ്റം വലുതായിരിക്കും.

ഒരു വിശ്വാസി സംസാരിക്കുകയാണെങ്കിൽ നല്ലത് മാത്രം സംസാരിക്കണം, അല്ലെങ്കിൽ മിണ്ടാതിരിക്കണം എന്നതാണ് ആദ്യത്തെ ഉപദേശം. ജനങ്ങളെ ഏറ്റവുമധികം നരകത്തിൽ പ്രവേശിപ്പിക്കുന്ന ഒരു അവയവമാണ് നാവ്. മറ്റുള്ളവരെ ചിരിപ്പിക്കാൻ വേണ്ടിയും മറ്റും മോശം സംസാരങ്ങളും കളവുകളും പറയുന്നവർ ഈ തിരുമൊഴി ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ഏഷണി, പരദൂഷണം, കളവ് എന്നിവ പാടെ ഒഴിവാക്കണം. ദ്വിമുഖന്മാരായി നടക്കരുത്. ഒരാളുടെ അടുക്കൽ ഒന്ന് പറയും; വേറെ ഒരാളുടെ അടുക്കൽ ചെന്ന് അതിന്റെ വിപരീതം പറയും. ലക്ഷ്യം കുഴപ്പം സൃഷ്ടിക്കലാണ്, ബന്ധം വഷളാക്കലാണ്. അവരാണ് ദ്വിമുഖൻമാർ. കള്ളസാക്ഷ്യം, ദുരാരോപണം, പരിഹാസം, തെറി പറയൽ, അനാവശ്യ തർക്കം എന്നിവയെയിലെല്ലാം നാവിനുള്ള പങ്ക് ചെറുതല്ല. മത വിഷയത്തിൽ അറിയുന്നത് മാത്രം പറയുക; അറിയാത്തത് പറയരുത്.

അയൽക്കാർ ആരായാലും അവരോടുള്ള ബന്ധം നന്നാക്കണം എന്നതാണ് അയൽവാസിയെ മാനിക്കട്ടെ എന്ന് പറഞ്ഞതിന്റെ ഉദ്ദേശം. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ഭക്ഷണം കഴിക്കുന്നവൻ വിശ്വാസിയല്ല എന്ന നബിവചനം അതാണ് അറിയിക്കുന്നത്. ധാരാളം അയൽവാസികൾ ഉണ്ടാകുമ്പോൾ അവരിൽ ഏതെങ്കിലും ഒരാൾക്ക് മാത്രം വല്ലതും ദാനം ചെയ്യാൻ ഉദ്ദേശിച്ചാൽ അവരിൽ ഏറ്റവും അടുത്തുള്ളവരെ പരിഗണിക്കണം എന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന മര്യാദ. അയൽവാസികളെ ഒരുനിലയ്ക്കും ദ്രോഹിക്കുവാൻ പാടില്ല. യഥാർഥ വിശ്വാസമുള്ള ഒരാളിൽനിന്ന് അത് ഉണ്ടാവില്ല. 'തന്റെ ദ്രോഹങ്ങളിൽ നിന്ന് തന്റെ അയൽവാസി നിർഭയനാകുന്നുവരെ ഒരാൾ വിശ്വാസിയാവുകയില്ല' എന്ന് നബി(ﷺ) പറഞ്ഞത് ഗൗരവമുള്ള കാര്യമാണ്.

അവരുടെ അഭിമാനത്തെ സംരക്ഷിക്കുക, പ്രയാസങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക, കടം ചോദിച്ചാൽ കടം കൊടുക്കുക, മതകാര്യങ്ങൾ അറിയിച്ചു കൊടുക്കുക, അവരെക്കുറിച്ച് നല്ല വിചാരം ഉണ്ടാവുക തുടങ്ങിയവയെല്ലാം വിശ്വാസിയുടെ ബാധ്യതയാണ്.

അതിഥിയെ ആദരിക്കൽ ശ്രേഷ്ഠമായ കാര്യമാണ്. അത് ഉൽകൃഷ്ട സ്വഭാവ ഗുണങ്ങളിൽ പെട്ടതാണ്. അതിഥിയോട് മുഖപ്രസന്നതയോടെ പെരുമാറണം. കഴിവിനനുസരിച്ച് നല്ല ഭക്ഷണം നൽകണം. അതിഥിയോടൊപ്പം ഭക്ഷണം കഴിക്കുമ്പോൾ ആദ്യം വീട്ടുകാരൻ എഴുന്നേൽക്കുന്നത് മര്യാദകേടാണ്. ഇത്തരത്തിൽ ആതിഥേയരും അതിഥികളും ശ്രദ്ധിക്കേണ്ട ധാരാളം നിർദേശങ്ങൾ ഇസ്‌ലാം നൽകുന്നുണ്ട്.

കൂട്ടായ്മ

ടി.കെ.അശ്റഫ്
tkashraf100@gmail.com



# പ്രലോഭനങ്ങളെ പ്രതിരോധിക്കുക

**നേ**ർവഴിയിലുള്ളവരെ വഴിതെറ്റിക്കലാണ് പിശാചിന്റെയും ലക്ഷ്യം.

സമൂഹത്തിന് നേതൃത്വം നൽകുന്നവരെയാണ് പിശാച് കൂടുതൽ പിന്തുടരുക. നേതാവ് പിഴച്ചുപോയാൽ അനുയായികളും പിഴക്കാൻ സാധ്യത ഏറെയാണല്ലോ.

തെറ്റായ വഴിക്ക് സഞ്ചരിക്കുന്നവർ നേരത്തെതന്നെ വഴിതെറ്റിയവരാണ്.

നേർവഴിയിലൂടെ നടക്കുന്നവരാണ് വഴി തെറ്റുന്നതിൽ കൂടുതൽ ജാഗ്രത പാലിക്കേണ്ടത്.

പ്രഭാഷണം, എഴുത്ത്, സംഘാടനം തുടങ്ങിയ മേഖലകളിൽ ഇടപെടുന്നവർക്ക് അനുയായികളും അനുഭാവികളും വർധിച്ചുവരും.

പ്രബോധകർക്ക് സമൂഹത്തിൽ സ്വാധീനം വർധിക്കുന്തോറും അവർ ജാഗ്രത പാലിക്കേണ്ടതുണ്ട്.

ആളുകൾ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. നമ്മുടെ ഗുണകാംക്ഷികളിൽ നിന്ന് പ്രോത്സാഹനത്തോടൊപ്പം തിരുത്തലുകളും ലഭിക്കും. തിരുത്തേണ്ടത് തിരുത്താൻ അതിലൂടെ സാധിക്കും.

സോഷ്യൽ മീഡിയ കാലത്ത് പ്രതികരണങ്ങൾ അതിവേഗതയിലാണ്. ലൈക്കുകളും കമന്റുകളും മിനുട്ടുകൾക്കുള്ളിൽ പ്രവഹിക്കും.

നമ്മുടെ ആശയത്തിലേക്ക് ജനങ്ങളെ നയിക്കുക എന്നതായിരിക്കും ആദ്യമൊക്കെ നമ്മുടെ ലക്ഷ്യം. ക്രമേണ പോസ്റ്റുകൾക്ക് താഴെ വരുന്ന കമന്റുകൾക്കനുസരിച്ച് ലക്ഷ്യം മാറിമറിയാൻ സാധ്യതയേറെയാണ്. സത്യം വ്യക്തമായി പറയുമ്പോൾ റീച്ച് കുറയും. ലൈക്കുകൾ ലഭിക്കാതെ വരും.

സ്വാഭാവികമായും നിലപാടുകളിൽ വെള്ളം ചേർക്കുകയും പിന്തുടരുന്നവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് നമ്മുടെ ആശയതലം മാറിപ്പോവും ചെയ്യും. അപ്പോൾ റീച്ചും ലൈക്കുമായിരിക്കും നമ്മുടെ ദിശ നിർണയിക്കുന്നത്. സമൂഹത്തിൽ ഭൂരിപക്ഷവും തിന്മയിലഭിരമിക്കുന്നവരാണ്. യഥാർഥ ജീവിതവീക്ഷണം സത്യസന്ധമായി പ്രകടിപ്പിക്കുന്നത് സങ്കുചിതത്വമായി വ്യാഖ്യാനിക്കുന്നവരുമാണ്. ലിബറൽ ചിന്താഗതിയുടെ തടവറകളിലാണ് അവർ കഴിഞ്ഞുകൂടുന്നത്. അത്തരക്കാരുടെ ലൈക്കുകൾക്കനുസരിച്ച് നമ്മുടെ നിലപാടുകൾ മാറ്റിപ്പണിതാൽ വൻഗർത്തത്തിലാണ് നാം ആപതിക്കുക.

എല്ലാവർക്കും ഇഷ്ടപ്പെടുന്നത് പറയുകയല്ല പ്രബോധകരുടെ ദൗത്യം. ഒഴുകുന്നവരോടൊപ്പം ഒഴുകാൻ നിലപാട് ആവശ്യമില്ല. എല്ലാവരോടുമുള്ള സ്നേഹത്തിൽ നിന്നാണ് നമ്മുടെ പ്രബോധനം ആരംഭിക്കുന്നത്. നമ്മുടെ ശരിയായ ജീവിതവീക്ഷണം മറ്റുള്ളവരും തിരിച്ചറിയണമെന്നത് അവരോടുള്ള സ്നേഹത്തിന്റെ അടയാളമാണ്. വ്യക്തികളെ നാം സ്നേഹിക്കുകയും അവരിലുള്ള തെറ്റായ വിശ്വാസങ്ങളെയും സംസ്കാരത്തെയും തിരുത്തുകയും വേണം. അത് തിരുത്തുമ്പോൾ സ്വാഭാവികമായും ചില അനിഷ്ടങ്ങൾ അവരിൽനിന്ന് ഉയർന്നുവരും. അതിന് അൽപായുസ്സ് മാത്രമേയുള്ളൂ. സത്യം ബോധ്യപ്പെട്ടാൽ അവരായിരിക്കും ഏറ്റവും കൂടുതൽ നമ്മോട് അടുപ്പമുള്ളവർ.

അല്ലാഹുവിന്റെ ഇഷ്ടവും പൊരുത്തവുമാണ് പ്രബോധകർ ആത്യന്തികമായി ആഗ്രഹിക്കേണ്ടത്. അല്ലാഹുവിനു വേണ്ടി മറ്റുള്ളവരെ ഇഷ്ടപ്പെടാനും അവനിഷ്ടപ്പെടാത്തത് വെറുക്കാനും വിശ്വാസികൾക്ക് സാധിക്കണം. പ്രവാചകന്മാർക്ക് അനുകൂലികളും എതിരാളികളും ഉണ്ടായിട്ടുണ്ട്. അവർ ജനങ്ങളോട് നല്ല രീതിയിലാണ് ആശയ പ്രചാരണം നടത്തിയത്.

വ്യക്തിഹത്യയോ പരിഹാസമോ പ്രബോധന വീഥിയിൽ ഒരു സന്ദർഭത്തിലും പ്രവാചകൻമാർ നടത്തിയിട്ടില്ല. പ്രബോധകരുടെ താൽപര്യങ്ങൾക്കതീതമായി തെറ്റുതിരുത്താൻ കാണിച്ച ധീരതയാണ് പ്രവാചകന്മാർ വിമർശിക്കപ്പെടാനുണ്ടായ പ്രധാന കാരണം. ശത്രുക്കളുടെ മോഹന വാഗ്ദാനങ്ങളും പ്രശംസകളും പ്രവാചകന്മാരെ നേര് പറയുന്നതിൽ നിന്ന് വഴിതിരിച്ചു വിട്ടില്ല.

നമ്മുടെ നിലപാടുകളിലും വ്യക്തിത്വത്തിലും നീക്കുപോക്ക് നടത്താൻ പ്രേക്ഷകരുടെ പ്രതികരണങ്ങൾ കാരണമായിക്കൂടാ.

പ്രവാചകന്മാരുടെ പാതയോട് വിമുഖത തോന്നുകയും അവരുടേതല്ലാത്ത മാർഗത്തോട് ആഭിമുഖ്യം ഉണ്ടാകുകയും ചെയ്താൽ, തിരിച്ചുവരവ് വിദൂരമായിരിക്കും. നാം തിരിഞ്ഞിടത്തേക്ക് തന്നെ അല്ലാഹു നമ്മെ തിരിച്ചുവിടും.

വിശുദ്ധ ക്വുർആനിലൂടെ ഇക്കാര്യം അല്ലാഹു ഓർമപ്പെടുത്തുന്നുണ്ട്: "തനിക്ക് സന്മാർഗം വ്യക്തമായി കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്തു നിൽക്കുകയും സത്യവിശ്വാസികളുടേ തല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടുന്നതും നരകത്തിലിട്ടു നാം അവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം" (ക്വുർആൻ 4:115).

നമ്മെ തിരുത്തുന്നവരോട് പുച്ഛവും വെറുപ്പും തോന്നിത്തുടങ്ങലാണ് അടുത്ത ഘട്ടം. അത് അഹങ്കാരത്തിന്റെ അടയാളമാണ്. അഹങ്കാരത്തെക്കുറിച്ച് നബിﷺ പഠിപ്പിച്ചത് ഇപ്രകാരമാണ്: 'അഹങ്കാരമെന്നാൽ സത്യത്തെ നിരാകരിക്കലും ജനങ്ങളെ നിസ്സാരമായി കാണലുമാണ്.'

എന്നെ ഉപദേശിക്കാനും എന്നെ തിരുത്താനും ഇവനാരാണ് എന്ന ചിന്ത ഒരാളിലും ഉണ്ടാകാൻ പാടില്ല. അത് ദുരഭിമാനം നടിക്കലാണ്. അല്ലാഹു പറയുന്നു:

"...പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ 4:36).

ഒരു ചുവടാണ് നേർവഴിയിൽ നിന്ന് മാറിയതെങ്കിലും വഴിതെറ്റാൻ അതു മതിയാകും. നേർവഴിയിൽ നിന്നിറങ്ങി നടക്കുന്തോറും അതിൽ നിന്ന് അകന്നുപോവുകയാണ് ചെയ്യുക എന്നത് പ്രത്യേകം പറയേണ്ടല്ലോ. സ്വർഗംകൊണ്ട് തുടങ്ങി നരകത്തിൽ അവസാനിക്കുന്നവരും നരകം കൊണ്ട് തുടങ്ങി സ്വർഗത്തിൽ എത്തുകയും ചെയ്യുന്നവരുണ്ടെന്ന് നബിﷺ പഠിപ്പിച്ചത് നാം ഓർക്കണം.

ജീവിതത്തിന്റെ തുടക്കമല്ല; ഒടുക്കമാണ് പ്രധാനം.

പ്രലോഭനങ്ങളെ പ്രതിരോധിക്കുക.

ജീവിതാവസാനം വരെ സത്യമാർഗത്തിൽ ഉറച്ചുനിൽക്കാൻ പരിശ്രമിക്കുക. അതിനായിപ്രാർഥിക്കുക. തിരുത്തുന്നവരെ സ്നേഹിക്കുക. അല്ലാഹു സഹായിക്കട്ടെ. ●

പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി

ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 8



# മാറ്റത്തിന്റെ കാറ്റ്

## പള്ളി

ആയിരത്തി തൊള്ളായിരത്തിനു മുമ്പ് ചില സ്രാമ്പിക ള്ളല്ലാതെ ജുമുഅ നടത്താനോ മറ്റോ പറ്റിയ പള്ളികളൊന്നും ഈ നാട്ടിൽ ഉണ്ടായിരുന്നില്ല.

ഖബർസ്ഥാനിനും ജുമുഅക്കും എടവണ്ണ വലിയപള്ളിയെ ആയിരുന്നു ആശ്രയിച്ചിരുന്നത്. വെള്ളിയാഴ്ച പുലർന്നാൽ ഒരു തിരുമ്പിക്കുളി. അതു കഴിഞ്ഞാൽ ഒരു ഉച്ചക്കഞ്ഞിയും നേരത്തെ കഴിച്ച് ഒരു തൊപ്പിക്കുടയും ചൂടി ഒരു നടത്തം. ജുമുഅക്ക് വേണ്ടിയാണത്. എടവണ്ണ പള്ളിയിൽ ജുമുഅ കഴിഞ്ഞ് 4 മണിക്ക് മടങ്ങും. എടവണ്ണ കടവുകടന്നാൽ ആരെങ്കിലുമായി ഒരു അടിപിടി സാധാരണമാണ്.

അന്ന് പത്തപ്പിരിയം, കാരക്കുന്ന്, തുവക്കാട്, പെരകമണ്ണ, കുണ്ടുതോട്, പത്തിരിയാൽ, മുണ്ടേങ്ങര, ഒതായി, ചാത്ത ല്ലൂർ എല്ലാം കൂടി ഒരു മഹല്ലാണ് എടവണ്ണ മഹല്ല്. എല്ലാ ഭാഗത്തുനിന്നും കൂടിവന്നാൽ പഴയ പള്ളിയിലെ ചെറിയ രണ്ട് മുറിയിലേക്ക് തന്നെ ആളുകൾ ഉണ്ടാവുകയില്ല. പിന്നീട് രണ്ട് പ്രാവശ്യമായി വലുതാക്കിയ വലിയ പള്ളിയാണ് നമുക്കൊക്കെ പരിചയമുള്ള വലിയ പള്ളി. ഈ സ്ഥല ങ്ങളിലെല്ലാം തന്നെയുള്ള മയ്യിത്തുകളും വലിയപള്ളിക്കൽ തന്നെയായിരുന്നു മറവുചെയ്തിരുന്നത്.

ബാപ്പ മുഹമ്മദാജി പറഞ്ഞുതന്ന കണക്കനുസരിച്ച് 1904ലാണ് ഒതായി പള്ളി പണിതീർത്തത്. പി.വി ഉമ്മർഹാജി എന്നവരാണ് നാട്ടുകാരുടെ സഹായത്തോടുകൂടി പള്ളി പണിയെടുപ്പിച്ചത്. എടവണ്ണ ചെറിയപള്ളിയും പണിയെടുപ്പിച്ചത് അദ്ദേഹം തന്നെയായിരുന്നു. എടവണ്ണ ചെറിയപള്ളിക്ക് പണം മുടക്കിയത് അദ്ദേഹത്തിന്റെ അളിയൻ കല്ലുവെട്ടികുഴിയിൽ ആലിക്കുട്ടി ഹാജി ആയിരുന്നു. രണ്ടു പള്ളിക്കും സാമാന്യം ഒരുരൂപം വരാൻ കാരണവും അതുതന്നെയായിരിക്കാം.

അങ്ങനെ വിശാലമായ രണ്ട് മുറിയും മൂന്ന്ഭാഗം താഴ്‌വരയും ഒരു ഹൗള്പുരയും ഉള്ള ഒരു പള്ളിയാണന്ന് ഒതായിയിൽ നിലവിൽ വന്നത്.

ആദ്യത്തെ ഖത്വീബ് ആരാണെന്ന് എനിക്കറിയില്ല. ഒരു മോലി മുസ്‌ല്യാരാണെന്ന് കേട്ടിട്ടുണ്ട്. എനിക്കറിയുന്ന കാലത്ത് കുഞ്ഞഹമ്മദ് മുസ്‌ലിയാർ ഖത്വീബും പി.കെ. കുഞ്ഞാലൻ മൊല്ല മുഅദ്ദിനും ആയിരുന്നു. മുസ്‌ലിയാർ നബാത്തിയ ഖുത്വുബയായിരുന്നു ഓതിയിരുന്നത്.

അക്കാലത്ത് പെരുന്നാൾക്ക് സമയമായാൽ കുറെ ആൾക്കാർ മുസ്‌ലിയാരെ വീട്ടിലേക്ക് തേടിപ്പോകും. എന്നിട്ടദ്ദേഹത്തെ നീളക്കുപ്പായവും ഷാളും തലപ്പാവയും അണിയിച്ച് കുട ചൂടിക്കൊടുത്തുകൊണ്ട് കൂട്ടത്തോടെ തക്ബീർ ആലപിച്ചുകൊണ്ട് പള്ളിയിലേക്ക് ആനയിക്കും. മുസ്‌ലിയാർ സലാംചൊല്ലി പള്ളിയിൽ പ്രവേശിച്ചാൽ നേരെ മിഹ്റാബിൽ ചെന്ന് നമസ്കാരം നടത്തും. പിന്നെ ഒരു ഖുത്വുബയും. അതായിരുന്നു സമ്പ്രദായം. നാബാത്തിയ ഖുത്വുബ പരിഭാഷയോടുകൂടി തന്നെയായിരുന്നു നടത്തിയിരുന്നത്.

കുഞ്ഞമ്മദ് മുസ്‌ല്യാർ ഒരു കടുത്ത സുന്നിയായിരുന്നു. നല്ല ഒരു ഓത്തുകാരനും ആയിരുന്നു. പി.വി. മുഹമ്മദാജി 'റദ്ദുൽവഹാബിയ്യ' എന്ന പുസ്തകമെടുത്ത് പള്ളിയിൽ വരും. മുസ്‌ലിയാരെ വിളിച്ചിരുത്തി വായിച്ച് അന്യോന്യം തർക്കിക്കും. അങ്ങനെ ദിവസങ്ങൾ നീണ്ട് മുസ്‌ലിയാർക്കും വാശിയായി. തർക്കം മൂത്ത് മുസ്‌ലിയാരോട് ഒരു ദിവസം മുഹമ്മദാജി ചോദിച്ചു: "അതല്ല മുസ്‌ല്യാരേ, മുഹ്‌യിദ്ദീൻ മാല മുതലായ മാലപ്പാട്ടുകളും മൗലൂദും ഓതുന്നത് ഫർളോ സുന്നത്തോ?" 'അതിനെന്താ സംശയം, ഫർളാണ്' എന്ന് മുസ്‌ലിയാർ തറപ്പിച്ച് പറഞ്ഞു. 'ക്വുർആൻ ഓതുന്നതോ മുസ്‌ല്യാരേ' എന്ന് ചോദിച്ചതിന് സുന്നത്താണെന്നും മറുപടി പറഞ്ഞു. അതൊന്ന് എഴുതിത്തരാമോ എന്ന് ഹാജി ചോദിച്ചു. തരാമെന്ന് മുസ്‌ലിയാർ മറുപടി പറഞ്ഞു. ഉടനെ കടലാസെടുത്ത് സംഗതി വ്യക്തമാക്കി എഴുതി അതിൽ ഒപ്പിട്ടുവാങ്ങി.

'ഇനി തർക്കം ഇവിടെ അവസാനിപ്പിക്കാം. ക്വുർആനെക്കാൾ സ്ഥാനം മാലപ്പാട്ടുകൾക്ക് നൽകുന്ന നിങ്ങൾ ഇമാമും ഖത്വീബുമായി തുടരാൻ പറ്റില്ല' എന്ന് പറഞ്ഞു പിരിഞ്ഞു. പിറ്റേ വെള്ളിയാഴ്ച മുഹമ്മദാജിയുടെ ജ്യേഷ്ഠൻ പി.വി. ആലസ്സൻ കുട്ടി വഴിയിൽനിന്ന് 'ഒരാളും ജുമുഅക്ക് പോകരുത്, ഈ മുസ്‌ലിയാർ പോയിട്ട് മതി ഇനി ജുമുഅ' എന്ന് പറഞ്ഞു. അതുപ്രകാരം ഒരാളും ജുമുഅക്ക് പോയില്ല. ജുമുഅ നടന്നതും ഇല്ല. പള്ളി ശൂന്യമായി. പിന്നീട് മുസ്‌ല്യാർ രാജി എഴുതി കൊടുത്തയച്ചു. രാജി സ്വീകരിച്ചു. മറുപടിയും കൊടുത്തു.

'ഇനി ഈ നാട്ടിൽ ഞാൻ താമസിക്കുന്നില്ല' എന്നു പറഞ്ഞ് മുസ്‌ല്യാർ പുര വിൽക്കാൻ ഏർപ്പാടു ചെയ്തു. മുസ്‌ല്യാർ പറഞ്ഞ വിലക്ക് വീടും പറമ്പും മേൽപ്പറഞ്ഞ ആലസ്സൻ കുട്ടി എന്നവർ തന്നെ വാങ്ങി പണം കൊടുത്തു. രജിസ്റ്റർ കഴിപ്പിച്ചു. അതിൽപിന്നെ മുസ്‌ല്യാർ സ്ഥലം വിട്ടു. നേരത്തെ ഞാൻ സൂചിപ്പിച്ചിരുന്നത് ഓർക്കുമല്ലോ; ആ വീടാണ് ഇന്ന് സി.എച്ച്. ഉണ്ണിമമ്മദ് കുട്ടി താമസിക്കുന്ന വീടും പറമ്പും. പിന്നീട് കലന്തൻ മുസ്‌ല്യാർ എന്നൊരാളെ മുഹമ്മദാജി ഖത്വീബായി കൊണ്ടുവന്നു. അദ്ദേഹം പള്ളിയും മദ്‌റസയും രാത്രിയിൽ പള്ളിയിൽ ഹിസ്ബ് ക്ലാസ്സും നടത്തിയിരുന്നു. ഞങ്ങളൊക്കെ അദ്ദേഹത്തിന്റെ കീഴിൽ ഓതാൻ പഠിച്ചവരാണ്. കുഞ്ഞാലൻ മൊല്ല തന്നെയായിരുന്നു ആദ്യകാല മുഅദ്ദിൻ. കലന്തൻ മുസ്‌ല്യാർ കുറെകാലം ഖത്വീബും ഇമാമുമായി തുടർന്നുപോന്നു.

**ഐക്യസംഘത്തിന്റെ, ആലുവാ മണൽപ്പുറത്തുവെച്ചു നടന്ന പ്രഥമ യോഗത്തിൽ ഏറനാട്ടിൽ നിന്ന് പി.വി. മുഹമ്മദാജിയും അറക്കൽ വലിയമുഹമ്മദ് സാഹിബും പങ്കെടുക്കുകയുണ്ടായി. ഏറനാട് താലൂക്കിൽ നിന്ന് അവർ രണ്ടുപേരും മാത്രമാണ് പങ്കെടുത്തത്. കേരള ജംഇയ്യത്തുൽ മുജാഹിദീന്റെയും ഏറനാട് അഹ്‌ലുസ്സുന്നത്ത് വൽജമാഅത്തിന്റെയും ഒരു സംയുക്ത സമ്മേളനം എടവണ്ണ മണൽപ്പുറത്ത് വെച്ച് നടക്കുകയുണ്ടായി. ആ യോഗത്തിന്റെ അവസാനത്തിൽ കൂടിയ നേതൃസമ്മേളനമാണ്, കേരള നദ്‌വത്തുൽ മുജാഹിദീൻ, കേരള ജംഇയ്യത്തുൽ ഉലമ എന്നീ സംഘടനകൾ രണ്ടായി വേർത്തിരിച്ചത്.**

ആയിടക്കാണ് സി.എച്ച്. അഹമ്മദ് കുട്ടി സാഹിബിന്റെ ഭാര്യയും പി.വി. ഉസ്സൻ കുട്ടി സാഹിബിന്റെ മകളും ആയിരുന്ന ആമിനക്കുട്ടി മരിച്ചത്. ആമിനക്കുട്ടിയുടെ മയ്യിത്ത് മറവ് ചെയ്തതിനു ശേഷം പി.വി. ഉസ്സൻ കുട്ടി(47) കലന്തൻ മുസ്‌ല്യാരോട് 'തൽക്വീൻ' ചൊല്ലിക്കൊടുക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം മടിച്ചു. നിർബന്ധിച്ചപ്പോൾ 'മുഹമ്മദാജി പറയട്ടെ' എന്ന് പറഞ്ഞുവിട്ടു. അത് ഉസ്സൻ കുട്ടി എന്നവർക്ക് രസിച്ചില്ല. അനുജൻ ജ്യേഷ്ഠനെക്കാൾ വലുതായിപ്പോയോ എന്നായി. ആ കാരണത്താൽ ബഹളമായി. കലന്തൻ മുസ്‌ലിയാരും പിരിഞ്ഞുപോയി.

പിന്നെയാണ് പൂവഞ്ചേരി മോയിൻ കുട്ടി മുസ്‌ല്യാരെ ഖത്വീബായി മുഹമ്മദാജി എടവണ്ണ പത്തപ്പിരിയത്തുനിന്ന് കൊണ്ടുവന്നത്. വി.പി. മുഹമ്മദ് മൊല്ല മുഅദ്ദിനും മോയിൻകുട്ടി മുസ്‌ല്യാർ ഖത്വീബും ആയിരുന്നു. ഇവർ തന്നെയായിരുന്നു മദ്റസയും നടത്തിയത്. കുറെകാലം കഴിഞ്ഞതിന് ശേഷം മുഹമ്മദ് മൊല്ല മരിച്ചു. 1964 കാലത്ത് പി. മോയിൻകുട്ടി മുസ്‌ല്യാരും മുഅദ്ദിൻ വി.പി. വീരാൻ കുട്ടിയും കാരണവശാൽ രാജി സമർപ്പിച്ചു.

വീരാൻ കുട്ടി പിന്നീട് രാജി പിൻവലിച്ചു. നാലുകൊല്ലം കഴിഞ്ഞശേഷം മോയിൻ കുട്ടി മുസ്‌ല്യാർ വീണ്ടും ഖത്വീബായി വന്നു. അദ്ദേഹം പിരിഞ്ഞുപോയ ശേഷം മൂന്നുനാല് കൊല്ലം റൗളത്തുൽ ഉലൂമിൽനിന്നും മറ്റും മൗലവിമാർ വന്നായിരുന്നു ഖുത്വുബ നടത്തിയിരുന്നത്. ആ കൂട്ടത്തിലാണ് എ.പി. അബ്ദുൽ ഖാദിർ മൗലവി ഇവിടെ ആദ്യമായി വന്നത്. അദ്ദേഹം കുറെകാലം ഇവിടെ ഖത്വീബും മദ്റസാധ്യാപകനുമായി പ്രവർത്തിച്ചിട്ടുണ്ട്.

1962ലാണ് പള്ളി ആദ്യമായി വലുതാക്കിയത്. പള്ളി പ്രവർത്തനത്തിൽ നേതൃത്വം വഹിച്ചത് കമ്മറ്റി പ്രസിഡന്റ് ഉമ്മർ കുട്ടി ഹാജിയായിരുന്നു.

തെക്കുഭാഗത്തേക്ക് ഒരു വലിയ ഹാളും അതിന് തെക്കുഭാഗത്ത് ഒരു താഴ്‌വരയും. പടിഞ്ഞാറു ഭാഗത്തുണ്ടായിരുന്ന താഴ്‌വര വലിയ പള്ളിയിലേക്ക് ചേർത്തു. അതിൽ മിഹ്റാബും മിമ്പറും സ്ഥാപിച്ചു.

1974-75ൽ വടക്കുഭാഗം സ്ത്രീകൾക്ക് സ്ഥലം പോരാത്തതുകൊണ്ട് വീതി കൂട്ടി വലുതാക്കി. 1982ൽ പടിഞ്ഞാറു ഭാഗത്ത് ഒരു താഴ്‌വരക്കു വേണ്ട തറ കെട്ടി ഓടുമേഞ്ഞു സാമാനങ്ങൾ ഒരുക്കിവെച്ചെങ്കിലും പണിപൂർത്തിയായത് 1988ലാണ്.

മുഖ്‌ലിസീൻ സംഘം സ്ഥാപക മെമ്പറായിരുന്ന പി.വി.ഉമ്മർ കുട്ടി ഹാജി പിന്നീട് സെക്രട്ടറിയും വൈസ്പ്രസിഡന്റും 1953മുതൽ 1987വരെ പ്രസിഡന്റുമായി പ്രവർത്തിച്ചു. 1987ൽ വേണ്ടതുപോലെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല എന്ന് തോന്നിയപ്പോൾ സ്വമേധയാ സംഘത്തിൽനിന്നും ഒഴിഞ്ഞുപോന്നു. ഖുറാഫികൾ പ്രചരിപ്പിക്കും പോലെ എന്നെ ആരും ഒഴിവാക്കിയതല്ല. പുതിയ കമ്മിറ്റി തെരഞ്ഞെടുത്തപ്പോൾ വീണ്ടും വീണ്ടും എന്റെ വീട്ടിൽ വന്നു പ്രസിഡന്റ് പദം ഏറ്റെടുക്കണമെന്ന് നിർബന്ധിച്ചിട്ടും ഞാൻ സാധിക്കുകയില്ല എന്നുപറഞ്ഞ് ഒഴിവായതാണ്.

ഞാൻ യോഗത്തിൽ പങ്കെടുക്കുന്നില്ല എന്ന് പറഞ്ഞപ്പോൾ ആരെ പ്രസിഡന്റാക്കണം എന്ന് എന്നോട് അഭിപ്രായം ചോദിച്ചപ്പോൾ, മുഹമ്മദലി ഹാജിയെ പ്രസിഡന്റാക്കാമെന്ന് ഞാൻ അഭിപ്രായം പറഞ്ഞു. അങ്ങനെ മുഹമ്മദലി ഹാജിയെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ഇപ്പോഴും മുഹമ്മദലി ഹാജി പ്രസിഡന്റായിക്കൊണ്ടുള്ള കമ്മിറ്റിയാണ് നിലവിലുള്ളത്.

### ഇസ്‌ലാഹി പ്രസ്ഥാനം

1920കാലങ്ങളിലും അതിന്റെ മുമ്പും ഇസ്‌ലാമിന്റെ നില ഈ പ്രദേശങ്ങളിൽ അത്യന്തം ശോചനീയവും അപകടകരവുമായിരുന്നു.

ഇസ്‌ലാമാകുന്ന സുന്ദരവൃക്ഷം ആകമാനം ബിദ്അത്തുകളാകുന്ന വള്ളികളും മുൾച്ചെടികളും പടർന്ന് വൃക്ഷത്തിന്റെ സുന്ദരമായ രൂപം പുറത്തുകാണാൻ പറ്റാത്ത ഒരു അവസ്ഥയായിരുന്നുണ്ടായിരുന്നത്. മാത്രമല്ല ആ വള്ളികളാണ് സാക്ഷാൽ ദീനുൽഇസ്‌ലാമെന്ന് പാവങ്ങളായ പാമരജനങ്ങൾ ധരിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.

മുഹമ്മദ് മുസ്തഫാ തിരുമേനിﷺക്ക് അല്ലാഹുവിങ്കൽ നിന്ന് ഇറക്കപ്പെട്ട മതത്തിൽ അദ്ദേഹം പഠിപ്പിച്ചു തന്നതല്ലാത്ത പല നൂലാമാലകളും പടർന്നു പന്തലിച്ചിരുന്നു. ആ പടർന്നു പിടിച്ച നൂലാമാലകളും പാട്ടും ബയ്ത്തും മൗലൂദും റാത്തീബും ഹദ്ദാദും ആണ് ദീനുൽ ഇസ്‌ലാമെന്ന് സാധാരണക്കാർ മനസ്സിലാക്കുകയും പണ്ഡിതന്മാർ പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ മേൽ കെട്ടിപ്പിണഞ്ഞു കിടക്കുന്ന നൂലാമാലകളായ വള്ളികൾ വെട്ടിമാറ്റി സുന്ദരമായ രൂപം പുറത്തുകൊണ്ടുവരാൻ പണ്ഡിതന്മാരും അനുയായികളും ഒരിക്കലും സമ്മതിച്ചിരുന്നില്ല. ക്വുർആൻ കുടിയോത്തിനും ഖബറിന്മേൽ പുരകെട്ടി ഓതാനും ബറകത്തിന് വീട്ടിൽ ശീലയിൽ പൊ

തിഞ്ഞു സൂക്ഷിക്കാനും മാത്രമായി. പോരെങ്കിൽ പിഞ്ഞാണത്തിൽ പേനകൊണ്ട് ക്വുർആൻ തലതിരിച്ചെഴുതി സുഖക്കേടുകൾക്കും സുഖപ്രസവത്തിനും കലക്കിക്കൊടുക്കാനുമായി മാറ്റിവെച്ചു.

1922ൽ ഖിലാഫത്ത് പ്രസ്ഥാനം കെട്ടടങ്ങിയപ്പോൾ ദീനി കാര്യങ്ങളിൽ തൽപരരായ ചിലർ ചിന്തിക്കാനും പ്രവർത്തിക്കാനും തുടങ്ങി. എടവണ്ണയിൽ അറക്കൽ മുഹമ്മദ് എന്ന ഒരു മതപണ്ഡിതനുണ്ടായിരുന്നു. കെ.എം. മൗലവി, എം.സി.സി. മൗലവിമാർ പോലെയുള്ള ഉന്നത പണ്ഡിതന്മാർ പോലും അദ്ദേഹത്തിങ്കൽ ഉപദേശം തേടി എത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിൽനിന്ന് ലഭിച്ച പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ അനുജൻ അറക്കൽ ഉണ്ണിക്കോമു സാഹിബ്, പി.വി.മുഹമ്മദാജി സാഹിബ്, മുസ്ല്യാരകത്ത് അലിഹസ്സൻ മൗലവി എന്നിവർ രംഗത്ത് വന്നത്. എന്തുവന്നാലും ശരി ഇസ്‌ലാമിന്റെ മേൽ മൂടിക്കിടക്കുന്ന വള്ളിക്കുടിലുകൾ വെട്ടിമാറ്റി ഇസ്‌ലാമിന്റെ സുന്ദരരൂപം ഒന്ന് വെളിക്ക് കൊണ്ടുവരണമെന്ന് തീരുമാനിച്ച് അരയും തലയും മുറുക്കി അവർ രംഗത്തുവന്നു.

ജനങ്ങൾ കൂടിനിൽക്കുന്ന മിക്കവാറും എല്ലാ കവലകളിലും ഇവർ മൂന്നുപേരും ഒരുമിച്ചുപോയി. മുരിക്കിൻ പെട്ടിമേൽ മണ്ണെണ്ണ വിളക്ക് കത്തിച്ചുവെച്ചു മത പ്രചരണ പ്രസംഗങ്ങൾ നടത്തുവാൻ തുടങ്ങി. ഓത്തുപള്ളിയിൽ നിന്നും ദാഇമ ഓത്തിൽ നിന്നും കുഴിക്കപുരയിൽ ഓതുന്നതും മാത്രം കേട്ടുശീലിച്ച നാട്ടുകാർ അലിഹസ്സൻ മൗലവിയുടെ സുന്ദരമായ ഓത്തും ഭയഭക്തി നിറഞ്ഞ, കണ്ണീരൊലിപ്പിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും ക്വുർആനിനെ ഹദീസുകൊണ്ട് വിശദീകരിക്കുന്നതും കേട്ടപ്പോൾ ചിന്തിക്കാൻ തുടങ്ങി.

ഉണ്ണിക്കോമു സാഹിബും നല്ല വാഗ്മിയും പണ്ഡിതനും ആയിരുന്നു. ധൈര്യം കൂട്ടാനും സഹായത്തിനും മുഹമ്മദാജി ഒന്നിച്ചുതന്നെ ഉണ്ടായിരുന്നു. ഉണ്ണിക്കോമു സാഹിബ് ഒരു നിമിഷകവി കൂടി ആയിരുന്നു. ഉണ്ണിക്കോമു സാഹിബിനെപ്പറ്റി പുലിക്കോട്ടിൽ ഹൈദർ സാഹിബ് പാടി:

'താടി പറ്റെ വടിച്ചും തലയിൽ കുടുമ വെച്ചും
മൂത്ത പരിഷ്ക്കാര പോത്തായി നടക്കുന്ന
കള്ള കഠിന മൂധേവി, കഥകെട്ട വഹാബി...'
എന്നും മറ്റും...!

കോമുസാഹിബ് അങ്ങോട്ടും തിരിച്ചടിച്ചു. നല്ലളത്ത് വീരാൻ സാഹിബ് എന്ന ആളും നല്ല കവി ആയിരുന്നു. അദ്ദേഹവും ഇവരുടെ കൂട്ടത്തിൽ കൂടി. അന്യോന്യം ശകാരവർഷങ്ങൾ ഉൾക്കൊള്ളുന്ന കുറെ പാട്ടുകൾ അക്കാലത്ത് കൈമാറി. കോമു സാഹിബ് നല്ല പണ്ഡിതനും വാഗ്മിയും ധൈര്യശാലിയുമായിരുന്നു. മൂന്നുപേരും ധൈര്യത്തിൽ കുറവുള്ളവരായിരുന്നില്ല. പലസ്ഥലങ്ങളിലും വഅളും പ്രസംഗങ്ങളും നടത്തിക്കൊണ്ടിരുന്നു.

കൂട്ടത്തിൽ കാരക്കുന്നിൽ ഒരു പരിപാടി നടത്തി മടങ്ങുമ്പോൾ ഒരു കൊലക്കേസുവരെ അഭിമുഖീകരിക്കേണ്ടി വന്നു. പെരൂൽ വി.പി. അലവിക്കുട്ടി സാഹിബായിരുന്നു കൂടെ ഉണ്ടായിരുന്നത്. വഅളു കഴിഞ്ഞ് വരുമ്പോഴാണ് സംഭവം. അലവിക്കുട്ടി സാഹിബ് മാത്രമാണ് കേസ്സിൽ പ്രതിയായത്. കേസ്സ് സെഷൻസിൽനിന്ന് വിട്ടു. ആ കാലത്താണ് 'കേരള മുസ്‌ലിം ഐക്യ സംഘ'ത്തിന് ജന്മം നൽകിയത്. കൊടുങ്ങല്ലൂർ മണപ്പാട്ട് കുഞ്ഞിമുഹമ്മദാജി, കൊച്ചുമൊയ്തീൻ ഹാജി, കെ.എം. മൗലവി മുതലായവരാണ് ആ സംഘടനക്ക് നേതൃത്വം നൽകിയത്. ഐക്യസംഘത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയും നേതൃകമ്മിറ്റിയിൽ ഒരംഗവുമായിരുന്നു മുഹമ്മദാജി.

ഐക്യസംഘത്തിന്റെ, ആലുവാ മണൽപ്പുറത്തുവെച്ചു നടന്ന പ്രഥമ യോഗത്തിൽ ഏറനാട്ടിൽ നിന്ന് പി.വി. മുഹമ്മദാജിയും അറക്കൽ വലിയമുഹമ്മദ് സാഹിബും പങ്കെടുക്കുകയുണ്ടായി. ഏറനാട് താലൂക്കിൽ നിന്ന് അവർ രണ്ടുപേരും മാത്രമാണ് പങ്കെടുത്തത്. കേരള ജംഇയ്യത്തുൽ മുജാഹിദീന്റെയും ഏറനാട് അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെയും ഒരു സംയുക്ത സമ്മേളനം എടവണ്ണ മണൽപ്പുറത്ത് വെച്ച് നടക്കുകയുണ്ടായി. ആ യോഗത്തിന്റെ അവസാനത്തിൽ കൂടിയ നേതൃസമ്മേളനമാണ്, കേരള നദ്‌വത്തുൽ മുജാഹിദീൻ, കേരള ജംഇയ്യത്തുൽ ഉലമ എന്നീ സംഘടനകൾ രണ്ടായി വേർത്തിരിച്ചത്.

ഉലമാക്കൾ മാത്രം ഉൾക്കൊള്ളുന്ന ജംഇയ്യത്തുൽ ഉലമായും ഉലമാക്കളും ഉമറാക്കളും ഉൾക്കൊള്ളുന്ന നദ്‌വത്തുൽ മുജാഹിദീനും പ്രവർത്തിച്ചു തുടങ്ങി. അന്നത്തെ ആ യോഗത്തിന്റെ സ്വാഗതസംഘം ചെയർമാൻ പി.വി. മുഹമ്മദാജിയും, ഖജാൻജി അത്തിക്കൽ അഹമ്മദ് കുട്ടി സാഹിബുമായിരുന്നു. യോഗം നടന്നത് 1927ലാണ് എന്നാണ് എന്റെ ഓർമ.

**റഫറൻസ്:**

47. മുഹമ്മദാജിയുടെ വലിയ ജേഷ്ഠൻ

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# പുഞ്ചിരിക്കുക; സർവരോടും

'നിത്യവും മുടങ്ങാതെ ലഭിച്ചിരുന്ന നല്ലൊരു പുഞ്ചിരിയാണ് ഇദ്ദേഹത്തിന്റെ സ്ഥലം മാറ്റത്തോടെ നമുക്ക് നഷ്ടമാകുന്നത്'-മറ്റൊരു വിദ്യാലയത്തിലേക്ക് ട്രാൻസ്ഫറായി പോകുന്ന അധ്യാപകനെക്കുറിച്ച് സഹപ്രവർത്തകർ യാത്രയയപ്പ് വേളയിൽ പറഞ്ഞ വാക്കുകളാണിത്.

ചിലർ അങ്ങനെയാണ്. എല്ലാവരോടും പുഞ്ചിരിച്ചുകൊണ്ട് ഇടപെടും. എന്നാൽ മറ്റു ചിലരാകട്ടെ എപ്പോഴും കാർമേഘം പെയ്യുന്ന മുഖവുമായാണ് സമൂഹത്തിൽ പ്രത്യക്ഷപ്പെടുക. വേറെ ചിലർ സമൂഹത്തിൽ എല്ലാവരോടും പുഞ്ചിരിയോടെ ഇടപെടും. എന്നാൽ വീട്ടിലെത്തിയാൽ അവരുടെ മുൻശുണ്ഠിയും ഉഗ്രകോപവുമുള്ള കറുത്തിരുണ്ട മുഖമാവും കാണാൻ കഴിയുക. അങ്ങോട്ട് പുഞ്ചിരിച്ചാൽ പോലും തിരിച്ച് പുഞ്ചിരിക്കാൻ പിശുക്ക് കാണിക്കുന്നവരും നമ്മുടെ ചുറ്റുപാടിലുണ്ട്.

മൂടിക്കെട്ടിയ മുഖത്തോടുകൂടി ക്ലാസ്സിൽ പ്രവേശിക്കുന്ന ഒരു അധ്യാപകനെയും വിദ്യാർഥികൾ ഇഷ്ടപ്പെടുന്നില്ല. പുഞ്ചിരിയുടെ ലാഞ്ചന പോലുമില്ലാതെ പെരുമാറുന്ന മേലുദ്യോഗസ്ഥൻമാരോട് കീഴ്ജീവനക്കാർക്ക് വെറുപ്പായിരിക്കും.പുഞ്ചിരിയോടെ പെരുമാറുന്ന ഉദ്യോഗസ്ഥരോട് പൊതുജനങ്ങൾക്കെന്നും നല്ല മതിപ്പാണ്. ചെറുപുഞ്ചിരിയോടെ കുശലാന്വേഷണം നടത്തി ചികിത്സാ വിധികൾ നിർദേശിക്കുന്ന ഡോക്ടർമാരെ രോഗികൾ എന്നും ഹൃദയത്തിൽ സൂക്ഷിക്കും. നിറപുഞ്ചിരിയൊടെ കടയിലേക്ക് ക്ഷണിക്കുന്ന കടയുടമസ്ഥനെയും ജോലിക്കാരെയുമാണ് എല്ലാ കസ്റ്റമറും ആഗ്രഹിക്കുന്നത്.

മന്ദസ്മിതത്തോടെ ഹസ്തദാനം നടത്തി വിശേഷങ്ങൾ തിരക്കുന്ന സംഘടനാ നേതാക്കൻമാർ ഏതൊരു പ്രസ്ഥാനത്തിന്റെയും കരുത്താണ്. പുഞ്ചിരിക്കാൻ മടി കാണിക്കുന്ന നേതാക്കൾക്ക് അണികളുടെ മനസ്സിൽ വലിയ ഇടം ലഭിക്കില്ല.

'എന്റെ സ്വഭാവം ജൻമനാ ഇങ്ങനെയാണ്' എന്നാണ് അന്യരുമായി പുഞ്ചിരിച്ച് ഇടപെടാൻ മടി കാണിക്കുന്ന ചിലർ ന്യായീകരണമായി പറയാറുള്ളത്. എന്നാൽ അവരിൽ പലരും സ്വന്തം അടുപ്പക്കാരോടും സുഹൃത്തുക്കളോടും കളിചിരിയോടെ പെരുമാറുന്നത് കാണാം.

ചിരിക്കുക എന്നത് മനുഷ്യന്റെ മാത്രം പ്രത്യേകതയാണ്. പുഞ്ചിരിക്ക് പോസിറ്റീവ് എനർജി പ്രദാനം ചെയ്യാൻ കഴിയും. അത് കാഠിന്യത്തെ ലോലമാക്കും. ബന്ധങ്ങളെ കൂടുതൽ ഊട്ടിയുറപ്പിക്കും. ഇടപാടുകളെ അഭിവൃദ്ധിയിലാക്കും. ഒരു പുഞ്ചിരി കൊണ്ട് വിദ്വേഷത്തിന്റെ മഞ്ഞുമലകളെ അലിയിപ്പിച്ചു കളയാൻ സാധിക്കും. ശത്രുത വെച്ചുപുലർത്തുന്ന ആൾക്ക് ഹൃദയം തുറന്ന് ഒരു പുഞ്ചിരി സമ്മാനിച്ചാൽ അത് മതിയാവും അയാൾക്ക് നമ്മോടുള്ള ശത്രുത മുഴുവൻ ഇല്ലാതാകാൻ. ഏത് കടുത്ത ഹൃദയമുള്ളവന്റെയും ഉള്ളിൽ നൻമയുടെ പൂക്കൾ വിരിയിക്കാൻ മനസ്സറിഞ്ഞുള്ള ഒരു പുഞ്ചിരിക്കാവും.

ചിരിക്കാൻ കഴിയുക എന്നത് മഹത്തായൊരു അനുഗ്രഹമാണ്. ഹൃദയത്തിന്റെ വിശാലതയാണ്. ആത്മാവിന്റെ സൗന്ദര്യമാണ്. മറ്റൊരാളുടെ മുഖം നോക്കി നൽകുന്ന പുഞ്ചിരി ദാനമാണ്. 'നന്മയിൽ നിന്നും ഒന്നും നീ നിസ്സാരമാക്കരുത്; അത് മന്ദസ്മിതത്തോടെ നിന്റെ സഹോദരനെ അഭിമുഖീകരിക്കലാണെങ്കിലും ശരി' എന്ന പ്രവാചക വചനം നാം മറക്കാതിരിക്കുക. അതിനാൽ പുഞ്ചിരിക്കുക സർവരോടും.

# വിട പറയൂ അപശബ്ദങ്ങളോട്,
# കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
26 October 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

## വിപണിയിൽ...




# മതവും യുക്തിവാദവും ഒരു സംവാദം

**ഡോ. എം ഉസ്മാൻ / കെ ഉമർ മൗലവി**
**എം.സി ജോസഫ് / പി.സി കടലുണ്ടി / ആർ.എ ഹംസ മാസ്റ്റർ**

**വില: ₹100**

ദൈവനിഷേധം എന്നത് ഏറ്റവും വലിയ യുക്തിരാഹിത്യമാണ്. എന്നാൽ ദൈവനിഷേധത്തിന് ചിലർ പേരിട്ടിരിക്കുന്നത് യുക്തിവാദമെന്നാണ്!! ഈ സുന്ദര പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതിന്. യുക്തിസഹമായ എമ്പാടും തെളിവുകൾ ഇസ്‌ലാമിക പ്രമാണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ആ തെളിവുകളൊന്നും ഒരാൾക്കും നിഷേധിക്കാനാവാത്തതുമാണ്. അഹന്തയും അജ്ഞതയും ഒരുമിക്കുമ്പോൾ ഉണ്ടായി വരുന്ന ഭൗതികവാദത്തിന്റെ പരിണിത ഫലങ്ങൾ ലോകമേറെ അനുഭവിച്ചതാണ്. സദാചാരത്തിന്റെ അതിർത്തികളില്ലാത്ത കുത്തഴിഞ്ഞ ലോകത്തിന്റെ സൃഷ്ടിപ്പാണ് ഭൗതികവാദത്തിന്റെ അനന്തരഫലം. അതുകൊണ്ടു തന്നെ, ഇസ്‌ലാമും ഭൗതികവാദവും എന്നും സംവാദത്തിൽ തന്നെയായിരുന്നു. ഒരു വേള ഇസ്‌ലാം തന്നെയാണ് അവരുടെ ലക്ഷ്യവും.

ആധുനിക യുഗത്തിലും നവമാധ്യമങ്ങളിലൂടെ യുക്തിവാദമെന്ന വരണ്ട ആദർശം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർ തങ്ങളുടെ മുൻഗാമികൾ ഇസ്‌ലാമിക പണ്ഡിതന്മാരുമായി വൈജ്ഞാനികമായി ഏറ്റുമുട്ടിയപ്പോൾ എന്തു സംഭവിച്ചു എന്ന് ഓർക്കുന്നത് നല്ലതാണ്. അത്തരത്തിലുള്ള ഒരു വൈജ്ഞാനിക സംവാദത്തിന്റെ ഓർമക്കുറിപ്പാണ് ഈ ഗ്രന്ഥം.

കെ. ഉമർ മൗലവി, ഡോ. ഉസ്മാൻ എന്നീ ധിഷണാശാലികളായ രണ്ടു പ്രതിഭകൾ യുക്തിവാദത്തിന്റെ നേതൃനിരയിലുണ്ടായിരുന്ന എം.സി ജോസഫ്, പി.സി കടലുണ്ടി എന്നിവരുമായി നടത്തിയ സംവാദമാണീ കൃതിയുടെ ഉള്ളടക്കം. യുക്തിവാദത്തിന്റെ 'യുക്തി' എത്രകണ്ട് ദുർബലമാണെന്ന് ഈ കൃതി തെളിയിക്കുന്നു.